ഹൈപ്പോത്തിസീസായിട്ട് ഡിബേറ്റിന്റെ ഭാഗമായി ചോദിച്ചാൽ ഫാക്ചലായിട്ട് മറുപടി പറയാൻ കഴിഞ്ഞുവെന്നുവരില്ല. ഇപ്പോൾ പ്രതിപക്ഷനേതാവ് ഇവിടെ നടന്ന ചർച്ചയിൽ ഉൽഭൂതമായ ചോദ്യമാണ് ചോദിച്ചത്. ആ ചോദ്യത്തിന് മന്ത്രി ആ രൂപത്തിലല്ല മറുപടി പറഞ്ഞത്. ഒരു തവണ പറഞ്ഞു, രണ്ടു തവണ പറഞ്ഞു, മൂന്നു തവണ പറഞ്ഞു, അതു തന്നെയാണ് അദ്ദേഹം മറുപടി പറയുന്നത്. പിന്നേയും ആവർത്തിച്ചിട്ട് കാര്യമില്ല. അത് ഇങ്ങനെയാകണമെന്ന് ഇൻസിസ്റ്റ് ചെയ്യാനും ചെയറിനാകില്ല. അത് പരസ്പരം മനസ്സിലാക്കണം. ചോദ്യം ചോദിക്കുന്നത് അദ്ദേഹത്തിന്റെ പ്രതികരണത്തിനുവേണ്ടി, അല്ലെങ്കിൽ മറുപടിയ്ക്കുവേണ്ടിയാണ്. അതു ചോദിച്ചുകഴിഞ്ഞാൽ അദ്ദേഹത്തിനു മനസ്സിലായില്ലെങ്കിൽ അത് വീണ്ടും ആവർത്തിക്കാം; അല്ലാതെ അതിൽ തന്നെ നിന്നാൽ ചെയറിനു അതിനൊരു തീരുമാനമെടുക്കാൻ ബുദ്ധിമുട്ടാകും.....(ബഹളം).....അദ്ദേഹം ബാങ്കിന്റെ കാര്യമാണ് ചോദിച്ചത്, എൽ.ഐ.സി യുടെ കാര്യമാണ് മന്ത്രി മറുപടി പറഞ്ഞത്. ഇതും രണ്ടും രണ്ടാണ്. ചോദ്യത്തിനല്ല മറുപടി. ദയവുചെയ്ത് സഹകരിക്കുക.

III. അടിയന്തിര പ്രമേയം

കണ്ണൂർ ജില്ലയിലെ രാഷ്ട്രീയകൊലപാതകങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ. റൂൾ 50 രാഷ്ട്രീയ മേൽക്കോയ്മക്കുവേണ്ടി കണ്ണൂർ ജില്ലയിലുടനീളം, പ്രത്യേകിച്ചും പാനൂർ-തലശ്ശേരി മേഖലയിൽ നടന്നുവരുന്ന കൊലപാതകങ്ങൾ, മറ്റ് അനിഷ്ട സംഭവങ്ങൾ എന്നിവയാൽ പ്രസ്തുത പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സുധാകരൻ, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. മാമ്മൻ മത്തായി, പ്രൊഫ. എ.വി. താമരാക്ഷൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിനു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തലശ്ശേരി താലൂക്കിലെ പാനൂർ, കൂത്തുപറമ്പ് മേഖലയിൽ ഡിസംബർ മാസം ആദ്യവാരം രാഷ്ട്രീയ സംഘട്ടനങ്ങളും അതോടനുബന്ധിച്ച് കൊലപാതകങ്ങളും ഉണ്ടായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ഡിസംബർ ഒന്നാം തീയതി പാട്യം, കൊട്ടിയോടിയിൽ വച്ച് രാജേഷ്, സനൽ എന്നീ സി.പി.എം പ്രവർത്തകരെ ബി.ജെ.പി-ആർ.എസ്.എസ് പ്രവർത്തകർ നാടൻ ബോംബുകളും, സോഡാക്കുപ്പികളുമുപയോഗിച്ച് ആക്രമിച്ചു പരിക്കേൽപ്പിച്ചു എന്നാണ് റിപ്പോർട്ട്. രണ്ടുപേരെയും തലശ്ശേരി സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അന്നേ ദിവസം രാത്രിയിൽ ജാഥ കഴിഞ്ഞ് തിരിച്ചുവരികയായിരുന്ന ബി.ജെ.പി-ആർ.എസ്.എസ് പ്രവർത്തകരും സി.പി.എം പ്രവർത്തകരും പരസ്പരം കല്ലേറ് നടത്തിയതിന്റെ ഫലമായി രണ്ടു വിഭാഗത്തിലും പെട്ട 9 പേർക്ക് പരിക്കേറ്റു. ഡിസംബർ രണ്ടാം തീയതി കൂത്തുപറമ്പിലെ പാലപറമ്പിൽ വച്ച് ദാസൻ എന്ന സി.പി.എം പ്രവർത്തകനെ ബി.ജെ.പി പ്രവർത്തകർ അക്രമിച്ചു പരിക്കേൽപ്പിച്ചു. അന്നു വൈകുന്നേരം അഞ്ചര മണിയോടെ ഒരു പൊതു പരിപാടി കഴിഞ്ഞുവരികയായിരുന്ന മുൻ എം.എൽ.എ യും സി.പി.ഐ(എം) ജില്ലാ സെക്രട്ടറിയുമായ ശ്രീ. ഇ.പി. ജയരാജൻ കൂത്തുപറമ്പ് എം.എൽ.എ ശ്രീമതി കെ.കെ.ശൈലജ ടീച്ചർ എന്നിവർ യാത്ര ചെയ്തിരുന്ന കാറുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നേരെ 50ൽ പ്പരം ബി.ജെ.പി-ആർ.എസ്.എസ് പ്രവർത്തകർ ബോംബെറിഞ്ഞു കൊലപ്പെടുത്തുവാൻ ഒരു ശ്രമം നടത്തിയെന്നാണ് റിപ്പോർട്ട്. ബോംബേറിൽ ശ്രീ. ഇ.പി. ജയരാജന് പരിക്കുപറ്റി, തലശ്ശേരി സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിൽസിപ്പിച്ചു. ശ്രീ. ജയരാജൻ സഞ്ചരിച്ചിരുന്ന കാറിനും കേടുപാടുകൾ പറ്റിയിട്ടുണ്ട്. സ്ഥലത്ത് കുതിച്ചെത്തിയ പോലീസ് അവിടെവച്ച് അക്രമികളെ പിരിച്ചുവിട്ടതുകൊണ്ട് കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടായി ല്ല. ഇതേത്തുടർന്ന് പാനൂർ-കൂത്തുപറമ്പ് മേഖലയിൽ രാഷ്ട്രീയ സംഘട്ടന ങ്ങൾ വ്യാപിച്ചു. സംഘട്ടനങ്ങളിൽ മൂന്ന് സി.പി.ഐ (എം) പ്രവർത്തകരും മൂന്ന് ആർ.എസ്.എസ് പ്രവർത്തകരും കൊല്ലപ്പെട്ടിട്ടുണ്ട്. 35 സി.പി.ഐ(എം) പ്രവർത്തകർക്കും 31 ആർ.എസ്.എസ്- ബി.ജെ.പി പ്രവർത്തകർക്കും സംഘട്ട നത്തിൽ പരിക്കുപറ്റിയിട്ടുണ്ട്. ഡിസംബർ നാലാം തീയതി കൂത്തുപറമ്പിലെ തൊക്കിലങ്ങാടിയിൽവച്ച് എം.എൽ.എ മാർ ഉൾപ്പെടെയുള്ള സി:പി.എം നേതാക്കൾ യാത്രചെയ്തിരുന്ന വാഹനങ്ങൾക്ക് നേരെ ആർ.എസ്.എസ്-ബി. ജെ.പി പ്രവർത്തകർ നാടൻ ബോംബുകളെറിഞ്ഞ് അക്രമിച്ചു. എം.എൽ.എ മാരായ ശ്രീ. ഇ.പി ജയരാജൻ, ശ്രീ. ടി.കെ. ബാലൻ, ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ, ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എന്നിവർക്ക് പരിക്കേറ്റു. ശ്രീ. ടി.കെ ബാലൻ, ശ്രീ. ഇ.പി. ജയരാജൻ എന്നീ എം.എൽ.എ മാരെ തലശ്ശേരി ആശുപ ത്രിയിൽ പ്രവേശിപ്പിച്ചു. രാഷ്ട്രീയ സംഘർഷം ആരംഭിച്ച ഘട്ടത്തിൽ തന്നെ ബന്ധപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ പോലീസ് ബന്തവസ് ഏർപ്പെടുത്തു കയും ആവശ്യമായ നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഉത്തരമേഖലാ പോലീസ് ഐ.ജി, കണ്ണൂർ ഡി.ഐ.ജി, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർ, എറണാകുളം സിറ്റി പോലീസ് കമ്മീഷണർ തുടങ്ങിയ ഉന്നത പോലീസുദ്യോഗസ്ഥരുടെ നേതൃത്വ ത്തിലാണ് സ്ഥലത്ത് പോലീസിനെ വിന്യസിച്ചത്. സ്ഥിതിഗതികൾ നിയന്ത്രി ക്കുന്നതിനു വേണ്ടി പാനൂർ, കൊളവല്ലൂർ, കൂത്തുപറമ്പ്, ചൊക്ളി എന്നീ പോലീസ് സ്റ്റേഷനതിർത്തികളിൽ നിരോധനാജ്ഞ ഏർപ്പെടുത്തി. കണ്ണൂർ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു കൂട്ടി സമാധാന ശ്രമം നടത്തുകയുണ്ടായി. മന്ത്രി ടി.കെ. രാമകൃഷ്ണൻ പങ്കെ ടുത്തുകൊണ്ട് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിച്ചുചേർത്തിരു ന്നു. പോലീസിന്റെ ശക്തമായ നടപടികളുടെ ഫലമായും സമാധാന സമ്മേള നത്തിന്റെ തീരുമാനത്തിന്റെ ഫലമായും ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്. സംഭവത്തെത്തുടർന്ന് ശ്രീജിത്ത്, മുല്ലോളി വിജേഷ്, അശോകൻ എന്നീ സി.പി.എം പ്രവർത്തകർ കൊലചെയ്യപ്പെട്ടതിൽ യഥാക്രമം കൂത്തുപറമ്പ് ക്രൈം 482/2000, 484/2000, പാനൂർ ക്രൈം 234/2000 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബി.ജെ.പി(ആർ.എസ്.എസ്) പ്രവർത്തക രായ ചന്ദ്രൻ, ബിജു, ചന്ദ്രാംഗദൻ എന്നിവർ കൊലചെയ്യപ്പെട്ടതിൽ കൂത്തുപ റമ്പ് ക്രൈം 481/2000, മാലൂർ ക്രൈം, 64/2000, കുത്തുപറംപ് ക്രൈം 490/2000 എന്നിങ്ങനെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തോടനുബന്ധിച്ച് മറ്റ് 102 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളിൽ പ്രതിയായ 118 പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ടവർ 74 സി.പി.എം പ്രവർത്തകരും 44 ബി.ജെ.പി പ്രവർത്തകരുമാണ്. സ്ഥലത്ത് പോലീസ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്. സെപ്റ്റംബർ മാസം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിന്റെ സമയത്ത് കൂത്തുപറമ്പിലെ പൂവത്തൂർ എൽ.പി സ്കൂ ളിന്റെ പരിസരത്ത് കോൺഗ്രസ് (ഐ) പ്രവർത്തകരെ ബി.ജെ.പി-ആർ.എസ്.

LIBRARY ARCHIVES Kerala Legislative Assembly

എസ് പ്രവർത്തകർ ആക്രമിക്കുകയുണ്ടായി. അക്രമത്തിന്റെ ഭാഗമായി കോൺഗ്രസ് പ്രവർത്തകർക്ക് നേരെ ബി.ജെ.പി പ്രവർത്തകർ ബോംബെറിഞ്ഞു. ബോബേറിൽ ഏഴു വയസ്സുള്ള അസ്ന എന്ന പെൺകുട്ടിക്കും അനുജൻ ആനന്ദിനും, അമ്മ ശാന്തയ്ക്കും ഗുരുതരമായ പരിക്കേറ്റു. അസ്നയുടെ വലതുകാൽ അറ്റുപോകുകയും ഇടതുകാലിന് സാരമായ പരിക്കേൽക്കുകയും ചെയ്തു. കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം 368/2000 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയാണ്. ഈ സംഭവവുമായി 12 ബി.ജെ.പി - ആർ.എസ്.എസ് പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തലശ്ശേരി താലൂക്കിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ രാഷ്ട്രീയ സംഘർഷ സ്ഥിതി ഇപ്പോൾ നിയന്ത്രണവിധേയമാണ്. അക്രമം അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച നടത്തേണ്ട ആവശ്യമില്ല.

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ ആ അടിയന്തിര പ്രമേയം അവതരിപ്പിക്കാൻ ഉദ്ദേശിക്കുമ്പോൾ എന്റെ മനസ്സിൽ കണ്ണൂർ ജില്ലയിലെ ആരേയും പ്രതിക്കൂട്ടിൽ കയറ്റണമെന്ന ഉദ്ദേശ്യമുണ്ടായിരുന്നില്ല. ഇന്നു നിലനിൽക്കുന്ന കണ്ണൂരിലെ സാഹചര്യം സ്ഫോടനാത്മകമാണ്. പക്ഷെ അടിയന്തിര പ്രമേയത്തിന്റെ ആവശ്യമില്ലെന്നു പറഞ്ഞുകൊണ്ട്, വസ്തുതകൾ മറച്ചുവച്ചുകൊണ്ടുള്ള ഒരു മറുപടിയാണ് ബഹു. മുഖ്യമന്ത്രി ഈ സഭയ്ക്ക് നൽകിയത്. ഒരു സംസ്ഥാനത്ത് ക്രമസമാധാനം പാലിക്കപ്പെടാനും ഭദ്രമായ ഒരു സാമൂഹ്യ ജീവിതം നിലനിറുത്താനും ബാധ്യതപ്പെട്ട ഒരു ഗവൺമെന്റിന്റെ തലവൻ, ഈ വസ്തുതകൾ വസ്തുതകളായി നിയമസഭയ്ക്കകത്തെങ്കിലും പറയേണ്ടതല്ലേ? പകരം മറച്ചുവച്ചും പൊതിഞ്ഞുവച്ചും വസ്തുതകൾ നിയമസഭയ്ക്ക് മുൻപിൽ അവതരിപ്പിച്ചത് വളരെ ദുഃഖകരമായിപ്പോയി. ഞാൻ ഈ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകുമ്പോൾ കേരളത്തിൽ ഒട്ടേറെ പത്രങ്ങൾ ഈ സംഭവത്തിനുശേഷം എഴുതിയ എഡിറ്റോറിയൽ കോളങ്ങളുണ്ട്. ദീപികയുടെ ഒരു എഡിറ്റോറിയൽ കോളം ഞാൻ വായിക്കാം: 'കെട്ടഴിച്ചു വിട്ട കൊലപാതക രാഷ്ട്രീയത്തിന്റെ ഭീകരത ഏതു നിമിഷവും കണ്ണൂരിനെ മുഴുവൻ വിഴുങ്ങിയേക്കാം. അതിന്റെ വിഷജ്വാല ഒരു ജില്ലയിൽ മാത്രം ഒതുങ്ങാതെ സംസ്ഥാനത്ത് എവിടെയും ആളിപ്പടർന്നേയ്ക്കാം!' ഇതാണ് ഇന്നത്തെ യാഥാർത്ഥ്യം. കണ്ണൂരിലെ അക്രമരാഷ്ട്രീയത്തിന്റെ ഉത്തരവാദിത്വം ആരുടെയെങ്കിലും മേൽ കെട്ടിവയ്ക്കണമെന്നൊന്നും എനിക്ക് താൽപ്പര്യമില്ല. അവിടെ അക്രമം പൊട്ടിപ്പുറപ്പെട്ടപ്പോൾ ജനങ്ങൾക്ക് സംരക്ഷണം നൽകാൻ സാധിച്ചിട്ടുണ്ടോ? പോലീസിന്റെ ശക്തമായ നടപടികൊണ്ട് അവിടം നിയന്ത്രണവിധേയമായി എന്നു ബഹു. മുഖ്യമന്ത്രി പറയുമ്പോൾ കണ്ണൂരിനെക്കുറിച്ച് അറിയാവുന്ന ആരെങ്കിലും അതിൽ ഒരു ശതമാനമെങ്കിലും വിശ്വസിക്കുവാൻ തയ്യാറാകുമോ? അവിടെ ഇന്ന് അക്രമമില്ലെന്നു പറയാൻ സാധിക്കില്ല. ഇനി കൊലപാതകമുണ്ടാവില്ല എന്നു പറയാൻ സാധിക്കില്ല. മിനിഞ്ഞാന്ന് കരിക്കോട്ടക്കരി എന്നു പറയുന്ന പ്രദേശത്ത് ബോംബ് പൊട്ടി. ആ സ്ഫോടനത്തിൽ ഗുരുതരമായി പരിക്കേറ്റ് 6-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥി കണ്ണൂരിലെ എ.കെ.ജി ആശുപത്രിയിൽ കിടക്കുകയാണ്. ബോംബുകൾ സുലഭമായി തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ട നിലയിലും സൂക്ഷിക്കപ്പെട്ട നിലയിലും കാണുന്നു. ഇങ്ങനെ ആയുധങ്ങൾ സംഭരിക്കപ്പെട്ട ഒരു ജില്ല യുദ്ധമേഖലകളിൽപ്പോലും ഉണ്ടാകുമോ എന്ന് സംശയമാണ്. മുഖ്യമന്ത്രി സൂചിപ്പിച്ച അസ്ന എന്നു പറയുന്ന അഞ്ചു വയസ്സുകാരി ബാലിക ബോംബേറിൽ നഷ്ടപ്പെട്ട തന്റെ കാലിനു പകരം കൃത്രിമ കാൽ വച്ചുകൊണ്ട് ഇന്നു പാനൂരിൽ

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

എത്തുകയാണ്. അതുപോലെതന്നെ ഇതിനുമുൻപ് ഒരു തമിഴ്കുട്ടി അമാവാസി, ജനനേന്ദ്രിയംപോലും നഷ്ടപ്പെട്ട് ജീവിക്കുന്ന രക്തസാക്ഷിയായി കണ്ണൂരിൽ ഇപ്പോഴും ജീവിക്കുന്നുണ്ട്. രാഷ്ട്രീയത്തിൽ ആയുധമേന്തുന്ന രാഷ്ട്രീയക്കാരൻ പരസ്പരം വെട്ടി മരിക്കുന്നത് മനസ്സിലാക്കാം. പക്ഷെ ഒരു സമൂഹത്തിന് ബാദ്ധ്യതയുണ്ടാക്കിക്കൊണ്ടു പിഞ്ചുമക്കൾ പോലും ജീവിക്കുന്ന രക്തസാക്ഷികളായി കണ്ണൂരിൽ മാറുകയാണ്. അതിന് ഇന്നും അറുതി വന്നിട്ടില്ല. അതിന് ഇന്നും പൂർണ്ണത വന്നിട്ടില്ല. കണ്ണൂർ ജില്ല കത്തിയെരിയുന്ന ഉമിത്തീ പോലെ നിലനിൽക്കുന്നതിന്റെ കാരണങ്ങൾ കണ്ടുപിടിക്കാനും ആ കാരണങ്ങൾക്ക് പരിഹാരമുണ്ടാക്കാനും ഈ സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റിനു ബാധ്യതയുണ്ട്. അത് ഓർമ്മിപ്പിക്കാൻ വേണ്ടിയാണ് ഈ അടിയന്തിര പ്രമേയം കൊണ്ടുവന്നത്. നിങ്ങൾക്കറിയാമോ, ഇന്നും അവിടെ ആയുധങ്ങൾ രണ്ടു വിഭാഗം ആളുകളും നിർബാധം നിർമ്മിക്കുന്നു. സി.പി.എം-ഉം, ബി.ജെ.പി യും ആയുധങ്ങൾ നിർമ്മിക്കുകയും സംഭരിക്കുകയുമാണ്. ബി.ജെ.പി എന്നു പറയുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് കണ്ണൂരിലുള്ള രാഷ്ട്രീയ സ്വാധീനം എല്ലാവർക്കും അറിയാം. തെരഞ്ഞെടുക്കപ്പെട്ട ഏതാനും ചെറു പോക്കറ്റുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു പാർട്ടിയാണ് ബി.ജെ.പി. ജില്ലയുടനീളം വ്യാപരിച്ച് അതിശക്തിമത്തായി ആഴത്തിലും പരപ്പിലും വേരൂന്നിയ ഒരു പാർട്ടിയാണ് സി.പി.എം. ബി.ജെ.പി ക്കാരൻ തെരഞ്ഞെടുക്കപ്പെട്ട പോക്കറ്റുകളിൽ ആയുധമെടുക്കുമ്പോൾ ജില്ലയിലുടനീളം വ്യാപരിക്കപ്പെട്ട സി.പി.എം എന്നു പറയുന്ന രാഷ്ട്രീയ പ്രസ്ഥാനം ആയുധമെടുക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട പോക്കറ്റുകളിലല്ല, ജില്ലയിലുടനീളമാണ്. ജില്ലയിലെ പത്തു നിയോജക മണ്ഡലത്തിലും സി.പി.എം. ആയുധസംഭരണം തുടരുന്നു. ആയുധം സംഭരിക്കുക മാത്രമല്ല ആയുധ പരിശീലനവും കൊടുക്കുന്നു എന്നു പറയുമ്പോൾ, കണ്ണൂരിലെ ഇന്നത്തെ ആയുധ പരിശീലനം കണ്ണൂരിനു പുറത്ത് ആർക്കെങ്കിലും അറിയാമോ എന്ന് എനിക്കറിയില്ല. ജയരാജൻ എന്തു പറഞ്ഞാലും കണ്ണൂരിൽ സി.പി.എം-ഉം, ബി.ജെ.പി.യും തങ്ങളുടെ അനുയായികൾക്ക് വെട്ടാൻ കൊടുക്കുന്ന പരിശീലനത്തെക്കുറിച്ച് ഈ നിയമസഭയിൽ എത്ര പേർക്ക് അറിയാമെന്നു എനിക്കറിയില്ല. കണ്ണൂരിൽ വെട്ടി വീഴ്ത്തപ്പെടുന്ന ഓരോ ചെറുപ്പക്കാരന്റേയും ദേഹത്ത് 30-34 വെട്ടുകളാണുണ്ടാവുക. ഒന്നും രണ്ടും വെട്ടല്ല. യാദൃശ്ചികമായി വെട്ടുന്നതല്ല. ചോരയാണ് തെറിച്ചു വീഴുന്നത്. നിങ്ങൾ ഒരു കാര്യമോർക്കണം. സാധാരണ മനക്കരുത്തുള്ള ഒരു ആളിനു ചൂടുരക്തം തെറിച്ച് പിടയുന്ന ശരീരത്തിൽ 30 ഉം 34 ഉം വെട്ടുകൾ വെട്ടാൻ സാധിക്കുമോ? സാധിക്കില്ല. ശരാശരി മനക്കരുത്തുള്ളവർക്ക് സാധിക്കില്ല. ഒറ്റ കുത്തിനു മരിച്ചവരുണ്ടാകാം. പക്ഷെ ശരാശരി 30-34 വെട്ടില്ലാത്ത ഒരു ജഡം പോലും ഇന്ന് കണ്ണൂരിലുണ്ടാവില്ല; അങ്ങനെയില്ലാത്ത ജഡങ്ങളൊന്നും ഇന്നുവരെ പോസ്റ്റ്മോർട്ടത്തിനു വിധേയമാക്കിയിട്ടുമില്ല. അങ്ങിനെ വെട്ടാൻ എങ്ങനെയുണ്ടാക്കി ആ മനക്കരുത്ത്? ആ മനക്കരുത്തുണ്ടാക്കാൻ സി.പി.എം ഉം ബി.ജെ.പി യും ഒരുപോലെ ആളുകൾക്ക് പരിശീലനം കൊടുക്കുന്നു. അത് എങ്ങനെയാണെന്ന് അറിയാമോ? ഇവർക്ക് ഇവരുടേതുമാത്രമായ ചില ഗ്രാമങ്ങളുണ്ട്. അവിടെ മറ്റാർക്കും പ്രവേശനമില്ല. ഒരാൾക്കും ആ ഗ്രാമത്തിൽ പോയിക്കൂടാ. അവിടെ രഹസ്യമായ സങ്കേതത്തിൽ വച്ച് ആടിനെ കുടുക്കിക്കെട്ടി, അതിനെ വെട്ടുന്നു. പിടയുന്ന ആടിന്റെ ശരീരത്തിൽനിന്ന് ചൂടുരക്തം തെറിക്കുന്നു. ആ പിടയുന്ന ശരീരത്തിൽ വീണ്ടും വീണ്ടും വെട്ടി ആട് നിശ്ചലമാകുന്നതുവരെ 30-40 വെട്ടു വെട്ടി ആടിനെ കൊല്ലുന്നു. അങ്ങനെ ആടിനെ കൊന്ന് പരിശീലനം കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയക്കളരികൾ കണ്ണൂരിൽ മാർക്സിസ്റ്റു പാർട്ടിയും ബി.ജെ.പി യും ആരംഭിച്ചിരിക്കുന്നു. അങ്ങനെയുള്ള കണ്ണൂരിൽ സമാധാനവും ശാന്തിയും ഉണ്ടാകുമോ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : എവിടെയാണ് പരിശീലനം കൊടുക്കുന്നതെന്ന് പറയാമോ?.

ശ്രീ. കെ. സുധാകരൻ : എവിടെയാണെന്നു കണ്ടുപിടിക്കേണ്ടത് എന്റെ ജോലിയല്ല, പോലീസിന്റെ ചുമതലയാണ്. അക്രമം അടിച്ചമർത്തേണ്ടത് പോലീസിന്റെ കടമയാണ്. ആ പോലീസ് ആ പ്രവൃത്തി ചെയ്യുന്നില്ലെന്നുള്ളതാണ് എന്റെ ആക്ഷേപം. അതാണ് എന്റെ ആരോപണവും. നിങ്ങൾക്കറിയാമോ പുല്യോട്ടു ബോംബുകൾ കെട്ടിയ ആളുകൾ ബോംബ് പൊട്ടി മരിച്ചിരിക്കുന്നു. പുല്യോട്ടിൽ സി.പി.എം ന്റെ രണ്ടു പ്രവർത്തകർ ബോംബ് കെട്ടുമ്പോൾ, ബോംബ് പൊട്ടിയാണ് മരിച്ചത്. അന്ന് അവിടത്തെ സി.പി.എം കാർ പറഞ്ഞത്. ബി.ജെ.പി ക്കാർ ബോംബ് എറിഞ്ഞതാണെന്നാണ്. പക്ഷെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ വ്യക്തമായത് ബോംബുകൾ കെട്ടുമ്പോൾ ബോംബ് പൊട്ടി മരിച്ചതാണെന്നാണ്. നിങ്ങൾക്കറിയാമോ പോലീസിന്റെ ഭാഗത്തു നിന്ന് ഇതിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. ഒരു കേസ്സും രജിസ്റ്റർ ചെയ്തിട്ടില്ല.ബോംബ് കെട്ടി പൊട്ടി മരിക്കുന്നത് കുറ്റകരമല്ലേ? ആയുധം കെട്ടുന്നതു കുറ്റകരമല്ലേ? അതിനൊരു പോലീസ് കേസ്സ് പോലും രജിസ്റ്റർ ചെയ്തിട്ടില്ല. അടുത്ത നാളിൽ ധർമ്മടത്തിൽ ബോംബ് കെട്ടുമ്പോൾ, ബോംബ് പൊട്ടി രണ്ട് ആളുകളുടെ കൈത്തണ്ടകൾ ചിതറി ജനൽക്കമ്പികളിൽ മാംസപിണ്ഡങ്ങളായി പറ്റിപ്പിടിച്ചിരുന്നു. അവരിന്നും മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുന്നു. ഒരു പോലീസ് കേസ് എടുക്കണമെന്ന് ഡി.ഐ.ജി പറഞ്ഞപ്പോൾ, ആ പോലീസ് ഡി.ഐ.ജിക്ക് ഈ ഗവൺമെൻറ് ട്രാൻസ്ഫർ കൊടുത്തു. ബോംബ് കെട്ടുമ്പോൾ പൊട്ടി രണ്ടുപേരുടെ കൈത്തണ്ട തെറിച്ചു പോയതിന് കേസ്സ് എടുക്കണമെന്ന് ഡി.ഐ.ജി പറഞ്ഞപ്പോൾ നിഷ്പക്ഷമായി, നീതിപൂർവ്വകമായി പ്രവർത്തിച്ച ഡി.ഐ.ജി യെ കണ്ണൂരിൽ പ്രവർത്തിക്കാൻ അനുവദിക്കാതെ അവിടെ നിന്ന് ട്രാൻസ്ഫർ ചെയ്തു. അങ്ങനെ അവിടെ ആയുധ നിർമ്മാണം നിർബാധം നടക്കുകയാണ്. രണ്ട് പാർട്ടികളും പാർട്ടി ഗ്രാമങ്ങൾ ഉണ്ടാക്കുകയാണ്. സി.പി.എം പാർട്ടി ഗ്രാമത്തിൽ മറ്റാർക്കും കടന്നുചെന്നു കൂടാ. അവിടെ മറ്റാരെങ്കിലും പോയാൽ ആക്രമിക്കപ്പെടും. അതുപോലെ തന്നെ ബി.ജെ.പി യുടെ പാർട്ടി ഗ്രാമത്തിലും. ബി.ജെ.പി യുടെ പാർട്ടി ഗ്രാമത്തിൽ മറ്റാരും ചെന്നുകൂടാ. അവിടെ സി.പി.എം കാരോ കോൺഗ്രസ്സുകാരോ പോകാൻ പാടില്ല. നിങ്ങൾക്കറിയാമോ ഇത്തരം പാർട്ടി ഗ്രാമങ്ങൾ കെട്ടിപ്പടുക്കാനുള്ള ത്വരയിൽ ആയുധങ്ങളും അക്രമികളും വിഹരിക്കുന്ന ജില്ലയായി മാറിയിരിക്കുന്നു കണ്ണൂർ ജില്ല. പോലീസുകാർ നിർന്നിമേഷരായി നോക്കിനിൽക്കുന്നു. മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ പോലീസിന്റെ നിതാന്തജാഗ്രതയും കൃത്യ നിർവ്വഹണവും കൊണ്ടാണ് കണ്ണൂരിലെ സ്ഥിതിഗതികൾ നിയന്ത്രിതാധീനമായതെന്നു പറഞ്ഞു. മുഖ്യമന്ത്രിയോടു എനിക്ക് സഹതാപം തോന്നുന്നു. നിങ്ങൾക്കറിയാമല്ലോ, വെട്ടാനയച്ച നേതാക്കൻമാർ പരസ്പരമിരുന്ന് സംസാരിച്ചപ്പോഴാണ് കൊലപാതകം നിന്നത്. 5-ാം തീയതി കളക്ടർ വിളിച്ച സമാധാന യോഗത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുത്തു. അക്രമം നിർത്താൻ അവർ തീരുമാനിച്ചു. പക്ഷെ അക്രമം നിന്നില്ല. 5 -ാം തീയതി പുലർച്ചെ രണ്ട് കൊലപാതകങ്ങൾ കൂടി കണ്ണൂരിൽ നടന്നു. ആദ്യം ബി.ജെ.പി. പ്രവർത്തകനായ ചന്ദ്രനെ സി.പി.എംകാർ കൊന്നു. അതിനു മറുപടിയായി ബി.ജെ.പി പ്രവർത്തകർ സി.പി.എംകാരനെ കൊന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ സമാധാന സന്ധിയുടെ നിർദ്ദേശങ്ങൾ കാറ്റിൽ പറത്തിയത് അന്നും സി.പി.എം ആണ്. സമാധാന യോഗത്തിനുശേഷം വീണ്ടും കൊലപാതകം നടന്നു. സി.പി.എംകാരും ബി.ജെ.പി.ക്കാരും മാത്രം ഒരുമിച്ചിരുന്ന് ചർച്ചചെയ്ത പ്പോൾ അവിടെ വെടിനിർത്തി. കൊലപാതകം നിർത്തി. കൊലപാതകം നിർത്തി യത് പോലീസിനെ കൊണ്ടല്ല മറിച്ച് കൊല്ലാനയയ്ക്കുന്ന നേതാക്കൻമാർ പര സ്പരം തീരുമാനിച്ചു ഇനി കൊല്ലണ്ടെന്ന്. അപ്പോഴാണ് വെടി നിർത്തിയത്. അത ല്ലാതെ പോലീസിന്റെ കഴിവുകൊണ്ടല്ല. പാർട്ടികളുണ്ടാക്കുന്ന പാർട്ടി ഗ്രാമങ്ങ ളിൽ തേങ്ങാ പിരിവ് നടത്തുന്നത് തേങ്ങയുടെ ഉടമസ്ഥനല്ല. അടയ്ക്കാ പിരിവ് നടത്തുന്നതു അടയ്ക്കയുടെ ഉടമസ്ഥനല്ല. വള്ളി പിരിവ് നടത്തുന്നത് വള്ളി യുടെ ഉടമസ്ഥനല്ല. ബി.ജെ.പി യുടെ പാർട്ടിഗ്രാമങ്ങളിൽ ബി.ജെ.പി ക്കാരാണ് ആ പ്രദേശത്തെ തേങ്ങാ പിരിവും അടയ്ക്കാപിരിവുമൊക്കെ എടുക്കുന്നത്. സി. പി.എം കാരുടെ പാർട്ടിഗ്രാമത്തിൽ സി.പി.എം കാരാണ് പിരിവ് നടത്തുന്നത്. പത്തായക്കുന്ന്, കൊട്ടിയോടിയിലൊക്കെ ഇന്നും ആർക്കും പിരിവെടുക്കാൻ സാധിക്കാത്തവിധം സി.പി.എം. ന്റെയും ബി.ജെ.പിയുടേയും ആൾക്കാരാണ് പിരി വെടുക്കുന്നത്. അവിടെ മറ്റാർക്കും പ്രവേശിക്കാൻ സാധിക്കുകയില്ല. ഒരു അക്രമ സംഭവമുണ്ടായാൽ പോലീസിന്റെ ഭാഗത്തുനിന്നും ഇൻവെസ്റ്റിഗേഷൻ വേണ്ടേ? ഒരു ബോംബ് വണ്ടിയിൽ നിന്നും പിടിച്ചെടുത്താൽ അത് എവിടെ നിന്നാണ്, ആ വണ്ടി ആരുടേതാണ്. ഇതിനു നിറയ്ക്കാൻ മരുന്നു കൊടുത്തത് ആരാണ്. ഇതി നുള്ള നിർദ്ദേശം കൊടുത്തത് ആരാണ് എന്നുള്ളതിനെക്കുറിച്ച് ഒരു ഇൻവെസ്റ്റി ഗേഷൻ നടത്തേണ്ടേ? കണ്ണൂരിൽ ഇൻവെസ്റ്റിഗേഷൻ ഇല്ല. കൊല്ലപ്പെടുന്ന സ്ഥല ങ്ങളിലെല്ലാം ഒരു സിംപിൾ കേസ്സു മാത്രം രജിസ്റ്റർ ചെയ്ത് പോലീസ് അവിടെ ഏകപക്ഷീയമായ നടപടിയുമായി മുന്നോട്ടുപോകുകയാണ്. തളിപ്പറമ്പിൽ കൃഷ്ണൻ എന്ന ഒരു ഓട്ടോറിക്ഷാക്കാരനെ വെട്ടിക്കൊന്നു. ആ സംഭവത്തിൽ രാഷ്ട്രീയമില്ലെന്നു എല്ലാവർക്കും അറിയാം. പക്ഷെ കൊലയ്ക്കുപോയത് മുസ്ലീം സമുദായത്തിൽപ്പെട്ട നാല് ചെറുപ്പക്കാരാണ്. മുസ്ലീം ചെറുപ്പക്കാരാണെന്നതു കൊണ്ട് മാത്രം മുസ്ലീം ലീഗാണ് കൃഷ്ണനെ വെട്ടി കൊന്നതെന്നു വരുത്തി മുസ്ലീംങ്ങൾ തിങ്ങിപ്പാർക്കുന്ന പന്നിയൂർ ആക്രമിച്ചു. അവിടുത്തെ ഓരോ വീട്ടി ലേയും സ്ഥിതിയെ സംബന്ധിച്ചു കളക്ടർ മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകിയി ട്ടുണ്ട്. അവിടെ കൊള്ളയടിക്കപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കണ മെന്ന് പറഞ്ഞുകൊണ്ട് കളക്ടർ ബഹു. മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഏതാണ്ട് പത്ത്-അറുപത്തിയഞ്ച് ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള നിർദ്ദേശമാണ് ജില്ലാ കളക്ടർ സംസ്ഥാന ഗവൺമെന്റിനു സമർപ്പിച്ചിട്ടുള്ളത്. നിങ്ങൾക്കറിയാമോ, പന്നിയൂരിൽ നഷ്ടപരിഹാരം കൊടുത്തിട്ടില്ല. ഞാൻ രണ്ടു മൂന്ന് കേസ്സ് പറയാം. മൊയ്തീൻകുഞ്ഞി എന്നു പറയുന്ന മുസ്ലീം പ്രവർത്തകന്റെ വീട്ടിൽ അക്രമികൾ ഇരമ്പിക്കയറി. മൂന്നു പെൺകുട്ടികളെ കല്യാണം കഴിപ്പിച്ച യച്ച വീടാണ്. ആ വീട്ടിലെ മുന്നറകൾ കുത്തിത്തുറന്ന് 104 പവൻ കൊള്ളയടിച്ചു. മറ്റൊരു വീട്ടിൽ നിന്ന് വീടു വാങ്ങിക്കാൻ വച്ചിരുന്ന രണ്ടു ലക്ഷം രൂപ ഈ അക്രമികൾ അടിച്ചുകൊണ്ടുപോയി അലിക്കുഞ്ഞെന്നു പറയുന്ന ഒരു മത്സ്യ തൊഴിലാളി മകളുടെ കല്യാണത്തിനുവേണ്ടി ആറ്റുനോറ്റ് സമ്പാദിച്ച 37 പവൻ മാർക്സിസ്റ്റ് പാർട്ടിയുടെ അണികൾ അടിച്ചുകൊണ്ടുപോയി. കുറി വിളിച്ചു വച്ചിരുന്ന 22,000 രൂപ ഈ അക്രമികൾ കൊണ്ടുപോയി. അഞ്ചു വയസ്സുള്ള കുട്ടിയെ മുതൽ എൺപത് വയസ്സുള്ള വൃദ്ധയെവരെ എടുത്തുകൊണ്ട് പോയ സി.പി.എം പ്രവർത്തകരുടെ പേര് പറഞ്ഞിട്ടുണ്ട്. ശ്രീ. ഗോവിന്ദൻ മാസ്റ്ററും, ശ്രീ. പി. രാഘവനും എന്തുപറഞ്ഞാലും ബഹു. മുഖ്യമന്ത്രിയുടെ പാർട്ടിയുടെ പ്രവർത്തകൻമാരായ ഗുണ്ടകളാണ് എടുത്തു കൊണ്ടുപോയത്. അഞ്ചുവയ

LIBRARY ARCHIVES Kerala Legislative Assembly

സ്സുള്ള കുട്ടിയെ മുതൽ എൺപത് വയസ്സുള്ള വൃദ്ധയെ വരെ കൊള്ളയടിച്ചവ രുടെ പേരുകൾ ആ ഗ്രാമത്തിൽ വിളിച്ചു പറയും. ഒരു മുസ്ലീം വീട് കൊള്ളയ ടിച്ച നിങ്ങളുടെ പ്രവർത്തകൻമാർ ആ വീട്ടിലെ ഗ്രാനൈറ്റുപോലും പാരവെച്ച് ഇളക്കി വാനിൽക്കൊണ്ടുപോയി. എന്നിട്ട് പോലീസ് ഒരു കേസ്സുപോലും രജി സ്റ്റർ ചെയ്തില്ല. 395-ാം വകുപ്പുപ്രകാരം എടുക്കേണ്ട കേസ്സിന് 452-ാം വകുപ്പു പ്രകാരം കേസ്സെടുക്കുകയാണ്. ബഹു. മുഖ്യമന്ത്രി, വീടുകൾ കൊള്ളയടിച്ചവ രുടെ പത്ത്-അറുപത്തിയഞ്ച് അപേക്ഷകൾ കണ്ണൂരിൽ നിന്നും അയച്ചിട്ടുണ്ട്. ആ അപേക്ഷയെക്കുറിച്ച് അങ്ങ് അന്വേഷിച്ചോ? ഈ അറുപത്തിയഞ്ചിൽ ഏതെങ്കിലും ഒരെണ്ണത്തിന് dacoity വെച്ചുകൊണ്ട് അങ്ങയുടെ പോലീസ് ഒരു കേസ്സെങ്കിലും രജിസ്റ്റർ ചെയ്ത് നടപടി എടുത്തോ? ഒരു സിംഗിൾ കേസ്സു പോലും അങ്ങയുടെ പോലീസ് അവിടെ രജിസ്റ്റർ ചെയ്തിട്ടില്ല.

മി. സ്പീക്കർ : അങ്ങേയ്ക്ക് അവസാനിപ്പിക്കാം. സമയമായി. ഞാൻ ഇതിന്റെ പ്രത്യേകതയും പ്രാധാന്യവും വച്ച് സമയം അനുവദിച്ചതാണ് അത് മിസ് യൂസ് ചെയ്യരുത്. പ്ലീസ്..... കണ്ണൂരിലെ കാര്യങ്ങൾ മുഴുവൻ പറയണമെ ങ്കിൽ രണ്ടുമണിക്കൂറെങ്കിലും വേണം.

ശ്രീ. കെ. സുധാകരൻ : സർ, മിസ് യൂസ് ചെയ്യുകയില്ല. ഏറ്റവും ഒടുവി ലത്തെ സംഭവം പോലീസിന്റെ കഴിവില്ലായ്മയെക്കുറിച്ചാണ്. ഡിസംബർ 1-ാം തീയതി ബി.ജെ.പി യുടെ യുവമോർച്ചാ നേതാവ് ജയകൃഷ്ണൻ മാസ്റ്ററുടെ ബലിദാൻ ദിനമാണ്. ഡിസംബർ ഒന്നും,രണ്ടും ദിവസങ്ങളിൽ പാനൂരിൽ സംഘർഷമുണ്ടാകുമെന്ന് പോലീസിന് മുൻകൂട്ടി അറിയാമായിരുന്നു. ഒന്നാം ദിവസം ജയകൃഷ്ണൻ മാസ്റ്ററുടെ ബലിദാൻ ചടങ്ങിൽ പങ്കെടുത്ത് തിരിച്ചു പോകുമ്പോൾ കൊട്ടിയോടിയിൽ വച്ച് സി.പി.എം പ്രവർത്തകർ കല്ലെറി ഞ്ഞതാണ് അവിടത്തെ സംഭവത്തിന്റെ തുടക്കം. മുഖ്യമന്ത്രി അത് മാറ്റിപ്പറഞ്ഞു. അദ്ദേഹം തെറ്റായി പറഞ്ഞു. രണ്ടാമത്തെ ദിവസം ഇ.പി ജയരാജന്റെ കാറിനു നേരെ ബോംബെറിഞ്ഞു. മുഖ്യമന്ത്രി പറഞ്ഞില്ലേ ശ്രീ. ഇ.പി. ജയരാജന് പരിക്കു പറ്റിയെന്ന്. ബഹു. മുഖ്യമന്ത്രീ അങ്ങേയ്ക്ക് അറിയാമോ ശ്രീ.ഇ.പി. ജയരാജന് എന്തുപരിക്കാണ് പറ്റിയതെന്ന്? കാറിനുനേരെ ബോംബെറിഞ്ഞു. അത് ഞാൻ നിഷേധിക്കുന്നില്ല പക്ഷേ ശ്രീ. ഇ.പി ജയരാജന് ഒരു ചെറിയ പരിക്കു പോലുമേൽക്കാതെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. വാർത്തയുണ്ടാക്കി. ആറുപേരുടെ ജീവൻ അപഹരിച്ച കൊലപാതകം പാർട്ടിയുണ്ടാക്കിയതല്ലേ? ശ്രീ. എ. കണാരൻ കഴിഞ്ഞ കാലങ്ങളിൽ ചെയ്തതുപോലെ ആക്രമിക്കപ്പെടാതെ ആക്രമിച്ചു എന്നൊക്കെ വാർത്തയുണ്ടാക്കി അണികളെ സെൻസേഷന് വിധേയ മായി അണികളെ ഇറക്കി ഇവിടെ ആറുപേരുടെ ജീവൻ അപഹരിച്ചത് ശ്രീ. ഇ.പി ജയരാജൻ എന്നുപറയുന്ന സി.പി.എം. നേതാവ് ആശുപത്രിയിൽ കിടന്നതു കൊണ്ടാണ്. ആശുപത്രിയിൽ കിടക്കാൻ വിധം എന്തു പരിക്കാണുണ്ടായത്? കൂത്തുപറമ്പിലെ വിലാപയാത്രയ്ക്കുനേരെ ബോംബെറിഞ്ഞുവെന്ന് പറയുന്നു. എന്തു പരിക്കാണ് നിങ്ങൾക്കുണ്ടായത്?

മി. സ്പീക്കർ : പ്ലീസ്...പ്ലീസ്.....

ശ്രീ. കെ. സുധാകരൻ : ഈ പ്രശ്നം വളരെ ഗൗരവമുള്ള പ്രശ്ന മാണ്. ഈ സംസ്ഥാനത്തെയാകെ ബാധിക്കുന്ന ഒരു വിഷയമാണ് അതു കൊണ്ട് സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യ പ്പെടുന്നു.

മി. സ്പീക്കർ : ശ്രീ.എം.വി. ജയരാജൻ 288 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട് അത് ഇപ്പോൾ അല്ല. അതിന് പിന്നീട് സമയം പരിഗണിക്കും.

LIBRARY ARCHIVES Kerala Legislative Assembly

[10 A.M.]

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇപ്പോഴെങ്കിലും ബഹു. കെ. സുധാകരന് സമാധാനം സ്ഥാപിക്കണമെന്നു തോന്നിയത് നന്നായി. ഇതിന്റെ തുടക്കം എവിടെയായിരുന്നു? നാല്പാടി വാസുവിന്റെ ആത്മാവ് എന്താണ് നടന്നതെന്ന് ആകാശത്തുനിന്ന് നോക്കി ക്കൊണ്ടു നിൽക്കുന്നുണ്ട്. ജയരാജൻ മരിച്ചിട്ടില്ല. വെടികൊണ്ട ജയരാജൻ മരി ക്കാതെ ജീവിച്ചതുകൊണ്ടാണ് ഈ കുഴപ്പം വന്നത്. ആരാണ് വെടിവയ്പിന് ഉത്തരവാദി? നാല്പാടി വാസുവിന്റെ ആത്മാവ് വരാൻ കാരണം ആരാണ്? ഇന്ന് ബഹു. കെ. സുധാകരൻ സമാധാനം ഉണ്ടാകണമെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. തീർച്ചയായും രണ്ട് കക്ഷികളുടെ ഭാഗത്തുനിന്നും സമാധാനം സ്ഥാപിക്കണം. പക്ഷെ ഇതിന്റെ കാരണം എന്താണ്? ജയരാജൻ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്. അയാളെ വെടിവച്ച് കൊല്ലാൻ പ്ലാനുണ്ടായി രുന്നു. വെടിയേറ്റില്ലേ? ബോംബ് ആക്രമണത്തിൽ പരിക്കേറ്റില്ലെന്ന് പറയുന്നു. പരിക്ക് പറ്റിയെന്നു എനിക്ക് ആശുപത്രിയിൽ നിന്ന് റിപ്പോർട്ട് കിട്ടി. ഞാൻ നേരിട്ട് കണ്ടില്ല. അതേ സമയം നാല്പാടി വാസുവിന്റെ ആത്മാവിനെ സംബ ന്ധിച്ച് പറയാനുള്ള കാരണം എന്താണ്? ഇപ്പോഴെങ്കിലും സമാധാനം സ്ഥാപി ക്കണമെന്ന് പറഞ്ഞത് നന്നായി. എനിക്ക് സന്തോഷമേയുള്ളൂ. ഇത് നടക്കാ നുള്ള അടിസ്ഥാന കാരണമെന്താണ്? ജയരാജനെ കൊല്ലാമായിരുന്നു. അതി നുള്ള ഗൂഢാലോചന നടന്നു. എന്ത് ഗൂഢാലോചനയാണ് നടന്നത്; ആരാണ് നടത്തിയത്? അത് മറച്ചു വയ്ക്കാൻ പറ്റുമോ? അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കണമെങ്കിൽ ഒരു മണിക്കൂറെങ്കിലും വേണം. എന്തിനാണ് നാല്പാടി വാസുവിന്റെ ആത്മാവിന്റെ കാര്യം പറയുന്നത്. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി അക്രമ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാപേരും സഹകരിച്ച് പ്രവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ വർഷം പാനൂർ കുത്തുപറമ്പ് മേഖ ലയിൽ രാഷ്ട്രീയ സംഘർഷം രൂക്ഷമായപ്പോൾ മുഖ്യമന്ത്രി എന്ന നിലയിൽ ഞാൻ തന്നെ മുൻകൈയെടുത്ത് സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ കക്ഷികളു ടെയും നേതാക്കൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് കണ്ണൂരിൽ സർവ്വകക്ഷി സമ്മേ ളനം നടത്തിയിരുന്നു. അതിനുശേഷം ശ്രീ. ടി.കെ രാമകൃഷ്ണനും യോജിച്ച് പ്രവർത്തനം നടത്തിയിരുന്നു. 6.12.1999 ന് സർവ്വകക്ഷി സമ്മേളനം ചേരു കയും രാഷ്ട്രീയ പാർട്ടികൾ ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്ത തിന്റെ ഫലമായി സംഘർഷമേഖലയിൽ സമാധാനം കൈവരിക്കാൻ കഴി ഞ്ഞിട്ടുണ്ട്. എന്നാൽ 2000 ഫെബ്രുവരി 17-ാം തീയതി രാത്രി 9.00 മണി യോടുകൂടി ചക്കരക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കൊല്ലോട് എന്ന സ്ഥലത്തുവച്ച് സി.പി.ഐ(എം) പ്രവർത്തകനായ സജീവനെ കൊലപ്പെ ടുത്തി. ആരാണ് കൊലപ്പെടുത്തിയത്? എങ്ങനെയാണ് ഈ സംഭവം നട ന്നത്? ആരാണ് കൊലപ്പെടുത്തിയത്? അവർ സപ്പോർട്ട് ചെയ്യുന്ന പ്രസംഗം നടത്തുകയാണല്ലോ. അങ്ങനെ സഹകരിക്കുന്ന തരത്തിൽ പ്രസംഗം നടത്തി ക്കൂടാ. അങ്ങനെ സപ്പോർട്ട് ചെയ്യാൻ പാടില്ല. മോഹനൻ, പ്രകാശൻ എന്നീ സി.പി.ഐ(എം) പ്രവർത്തകരെ മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്തു. യാതൊരുവിധ രാഷ്ട്രീയ സംഘർഷവും നിലവിലില്ലാതിരുന്ന സ്ഥലത്ത് ബി. ജെ.പി/ ആർ.എസ്.എസ് പ്രവർത്തകരാണ് മുകളിൽ പറഞ്ഞ സജീവനെയും മറ്റും കൊലപ്പെടുത്തിയത്. 2000 ഒക്ടോബർ 26-ാം തീയതി തലശ്ശേരിയിൽ സി.പി.ഐ(എം) പ്രവർത്തകനായ രതീഷിനെ ഒരു സംഘം ബി.ജെ.പി/ ആർ. എസ്.എസ് പ്രവർത്തകർ ആസൂത്രിതമായി കൊലപ്പെടുത്തുകയുണ്ടായി. ഇത്തരം സംഘർഷം ഉണ്ടായ അവസരങ്ങളിലെല്ലാം പോലീസിന്റെ ഭാഗത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ശക്തമായ നടപടികൾ ഉണ്ടായിട്ടുണ്ട്. ഒപ്പം ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സർവ്വകക്ഷി സമാധാന കമ്മിറ്റി കൂടിയാലോചിച്ച് പരിഹാരം ഉണ്ടാക്കുകയാണ് ചെയ്തത്. പരസ്പരധാരണയുടെ അന്തരീക്ഷം തകർക്കപ്പെടുന്ന നിലയിൽ ഡിസംബർ ആദ്യവാരത്തിൽ പാനൂർമേഖലയിലുണ്ടായ സംഘർഷങ്ങളും കൊലപാതകങ്ങളും തികച്ചും ദൗർഭാഗ്യകരമാണ്. മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ടി ശക്തമായ നടപടി എടുക്കുന്നതിനുവേണ്ടിയാണ് അവിടെ ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചതും പൊലീസിനെ കൊണ്ടുപോയതും. അതോടൊപ്പം രാഷ്ട്രീയ പാർട്ടികളുടെ സഹകരണവും സമാധാനം സ്ഥാപിക്കുന്നതിന് ഉണ്ടാക്കേണ്ടിയിരിക്കുന്നു. കക്ഷി രാഷ്ട്രീയഭേദമെന്യ ഇത്തരം അക്രമങ്ങൾ ഒഴിവാക്കുന്നതിന്വേണ്ടി നമുക്ക് സഹകരിച്ച് പ്രവർത്തിക്കാൻ കഴിയണം. അക്രമങ്ങൾ അമർച്ച ചെയ്യുന്നതിനും അക്രമികളെ പിടികൂടുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് ജനങ്ങളുടെ ആകെ പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യം ഉണ്ടെന്നുള്ള അഭിപ്രായം എനിക്കില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇന്നുരാവിലെ പത്രങ്ങൾ കണ്ടവരെല്ലാം ഒരു വാർത്ത വായിച്ചുകാണും. അഞ്ചു വയസ്സുകാരി അസ്ന എന്നു പറയുന്ന കൊച്ചുകുട്ടിയുടെ ചിത്രവും ആ കുട്ടിയുടെ കദന കഥ പറയുന്ന വാർത്തയുമാണ്. കണ്ണൂർ ജില്ലയിലെ ചെറുവാഞ്ചേരിയിൽ ആർ. എസ്.എസ് കാരുടെ ബോംബ് ആക്രമണത്തിന്റെ ഫലമായി കാൽ നഷ്ടപ്പെട്ട അസ്ന മാസങ്ങളോളം എറണാകുളത്തെ സ്പെഷ്യലിസ്റ്റ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ചികിത്സയുടെ ഒരു ഘട്ടം കഴിഞ്ഞു. കൃത്രിമക്കാലുമായി ആ കുട്ടി ഇന്നലെ പരശുറാം എക്സ്പ്രസ്സിൽ നാട്ടിലേക്ക് ട്രെയിൻ കയറി. അതാണ് വാർത്ത. ഹൃദയമുള്ളവരെല്ലാം ആ വാർത്ത വായിച്ചാൽ പൊട്ടിക്കരയുമെന്നുള്ള വിശ്വാസക്കാരനാണ് ഞാൻ. ഏതാനും മാസങ്ങൾക്ക് മുമ്പ് തിരുവനന്തപുരത്ത് ഒരു ചടങ്ങിൽ പങ്കെടുക്കവേ കണ്ണൂർ ജില്ലയിലെ ബോംബേറിൽ കൈ നഷ്ടപ്പെട്ട അമാവാസി എന്ന ഒരു പിഞ്ചുബാലനെ കാണാൻ എനിക്ക് അവസരമുണ്ടായി. ഞാൻ ആ കുട്ടിയെ അടുത്തു വിളിച്ച് കുറച്ചു കാര്യങ്ങൾ സംസാരിച്ചു. എനിക്ക് ആ കുട്ടിയെ ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല. അതിനുമുമ്പേ തന്നെ കണ്ണൂരിൽ ഇടയ്ക്കിടെ പോകുമ്പോൾ അക്രമരാഷ്ട്രീയത്തിന്റെ ഫലമായി ജീവൻ നഷ്ടപ്പെട്ടവരുടെയും സ്വത്തുനഷ്ടപ്പെട്ടവരുടെയും കുടുംബങ്ങൾ സന്ദർശിക്കാറുണ്ട്. അതിപ്പോൾ ഒരു സാധാരണ സംഭവമായി മാറിയിട്ടുണ്ട്. കഴിഞ്ഞ വർഷം കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമത്തിൽ ഞാൻ സന്ദർശനം നടത്തി. അവിടത്തെ സ്കൂളുകളും സന്ദർശിക്കാൻ എനിക്ക് അവസരമുണ്ടായി. പിഞ്ചുകുട്ടികളുടെ മുമ്പിൽ വച്ച്, സ്വന്തം വിദ്യാർത്ഥികളുടെ മുമ്പിൽവച്ച്, കോഴിയെക്കൊല്ലുന്ന ലാഘവത്തോടുകൂടി ഡസൻകണക്കിനു തവണ വെട്ടിയും കുത്തിയും ക്രൂരമായി കൊലചെയ്യപ്പെട്ട ജയകൃഷ്ണൻ മാസ്റ്റർ പഠിപ്പിച്ചിരുന്ന മോകേരിയിലെ ക്ളാസ് മുറി ഞാൻ കണ്ടു. കണ്ണൂർ ജില്ലയിൽ ഇത്തരം കൊലപാതകങ്ങൾ സാധാരണസംഭവമായി മാറിയിരിക്കുന്നു. ഈ കൊലപാതകങ്ങളുടെ മിക്കതിന്റെയും നേതൃത്വം ആർക്കാണ്. ഇൻഡ്യയിലെ ജനങ്ങളെ മുഴുവൻ സംരക്ഷിക്കാൻ ബാദ്ധ്യതയുള്ള കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി യുടേയും കേരളത്തിലെ ജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ബാദ്ധ്യതയുള്ള മാർക്സിസ്റ്റു പാർട്ടിയുടെയും നേതാക്കൻമാരുടെ അനുവാദത്തോടുകൂടി യാണ് ഇവിടെ അക്രമങ്ങൾ മിക്കതും നടക്കുന്നത്. ഇപ്പോൾത്തന്നെ അക്രമം ഒരു ഘട്ടം കഴിഞ്ഞ് നേതാക്കൻമാരുടെ ജീവിതം പോലും അപകടത്തിലാകു മെന്ന ഘട്ടം വന്നപ്പോൾ കോടതി ഇടപെടേണ്ടി വന്നില്ല. പോലീസ് ഇടപെ ടേണ്ടി വന്നില്ല. പട്ടാളം മാർച്ച് ചെയ്യേണ്ടി വന്നില്ല. ദ്രുതകർമ്മസേന മാർച്ച് ചെയ്യേണ്ടി വന്നില്ല. ഡൽഹിയിലും കണ്ണൂരും തിരുവനന്തപുരത്തും ഈ രണ്ട് പാർട്ടികളുടെ നേതാക്കൻമാർ ഒരുമിച്ച് സംസാരിച്ചപ്പോൾ സ്വിച്ചോഫ് ചെയ്യു ന്നതുപോലെ കണ്ണൂർ ജില്ലയിലെ കൊലപാതകം അവസാനിച്ചു. അപ്പോൾ ഈ കൊലപാതക രാഷ്ട്രീയം, അക്രമ രാഷ്ട്രീയം, വളരെ ബോധപൂർവം കരുതിക്കൂട്ടി നേതാക്കൻമാരുടെ അറിവോടുകൂടി, അവരുടെ മൗനാനുവാദ ത്തോടുകൂടി നടക്കുന്ന കണക്കുകൂട്ടൽ രാഷ്ട്രീയത്തിന്റെ, പ്രതികാര രാഷ്ട്രീ യത്തിന്റെ വെട്ടിപ്പിടിക്കൽ രാഷ്ട്രീയത്തിന്റെ ഭാഗമായിട്ടുള്ള യുദ്ധത്തിലെ ശത്രുക്കളുടെ സങ്കേതങ്ങൾ ആക്രമിച്ച് ഒരു ശത്രുവിനെ വകവരുത്തുന്നതു പോലുള്ള യുദ്ധതന്ത്രമാണെന്നു വളരെ വ്യക്തമാക്കിക്കഴിഞ്ഞിരിക്കുകയാണ്. എന്താണ് ഇതിന്റെ സ്ഥിതി? ഈ നില തുടരുന്നത് കേരളത്തിന് ഗുണമാ ണോ? കേരളത്തിന് അപമാനമല്ലേ ഇത്? ബീഹാർ അല്ലല്ലോ, ആന്ധ്രാപ്രദേശ് അല്ലല്ലോ, വടക്കേ ഇന്ത്യൻ ഗ്രാമങ്ങളല്ലല്ലോ. 100 ശതമാനം സാക്ഷരതയുള്ള കേരളത്തിൽ പാർട്ടി കമ്മിറ്റികൾ തീരുമാനമെടുത്ത് എതിരാളികളെ കോഴിക്കു ഞ്ഞുങ്ങളെ കൊല്ലുന്ന ലാഘവബുദ്ധിയോടുകൂടി കുത്തി മലർത്തുന്ന സാഹ ചര്യം ഈ സംസ്ഥാനത്തിന് അപമാനകരമാണ്. കേരളത്തിലെ സംസ്ക്കാര പാരമ്പര്യത്തിന് തന്നെ അപമാനകരമാണ്. ഈ കൊലപാതക രാഷ്ട്രീയ ത്തിന് അന്ത്യം കുറിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയം കേരളത്തിൽ പണ്ടേയു ള്ളതാണ്. ഇൻഡ്യയിലെ മറ്റ് ഏത് സംസ്ഥാനത്തെക്കാൾ പ്രബുദ്ധത കേരള ത്തിനുണ്ട്. രാഷ്ട്രീയം വളർത്തേണ്ടത് കൊച്ചുപിച്ചാത്തിയിൽക്കൂടെയല്ല. രാഷ്ട്രീയം വളർത്തേണ്ടത് കോടാലിയിൽ കൂടിയല്ല. രാഷ്ട്രീയം വളർത്തേ ണ്ടത് തോക്കും പടക്കവും നിർമ്മിച്ചിട്ടല്ല. രാഷ്ട്രീയ പാർട്ടികൾ സ്വന്തം അനു യായികളെ നയിക്കേണ്ടതും സ്വാധീനം വർദ്ധിപ്പിക്കേണ്ടതും സ്വന്തം നയ ങ്ങളും പരിപാടികളും ആദർശങ്ങളും പ്രചരിപ്പിച്ചുകൊണ്ടാണ്. കയ്യൂക്ക് രാഷ്ട്രീയം ശരിയല്ല. കണ്ണൂരിൽ പിടഞ്ഞുവീണ ഡസൻ കണക്കിനു അത് ഏത് പാർട്ടിയിൽപ്പെട്ടവരുമാകട്ടെ, രക്തസാക്ഷികളെ ഓർമ്മിച്ചുകൊണ്ട് ഇനി യെങ്കിലും കൊലപാതക രാഷ്ട്രീയം കണ്ണൂരിൽ അവസാനിപ്പിക്കുവാൻ സാധി ക്കുമോ? അച്ഛൻ നഷ്ടപ്പെട്ട മക്കൾ, ഭർത്താവ് നഷ്ടപ്പെട്ട ഭാര്യമാർ, സഹോദരൻമാർ നഷ്ടപ്പെട്ട സഹോദരൻമാർ, ഈ സ്ഥിതി കണ്ണൂരിൽ ഇനിയും ആവർത്തിക്കാതിരിക്കാൻ കൊലപാതക രാഷ്ട്രീയം തങ്ങൾ അവ സാനിപ്പിക്കുമെന്ന് കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ ഒരുമിച്ചുനിന്ന് പ്രതി ജ്ഞയെടുക്കാൻ തയ്യാറുണ്ടോ? കേരളത്തിലെ സകല രാഷ്ട്രീയ കക്ഷികളെ ക്കൊണ്ടും ഞങ്ങൾ ഇനി കൊലയ്ക്കു കൊല എന്നുള്ള പരിപാടി ഉപേക്ഷിച്ചി രിക്കുന്നു എന്ന് ഒരു തീരുമാനത്തിൽ ഒപ്പുവയ്ക്കുവാൻ മുഖ്യമന്ത്രി നേതൃത്വം നൽകാൻ തയ്യാറുണ്ടോ? അങ്ങനെ ഒപ്പുവയ്ക്കാൻ ഞങ്ങൾ തയ്യാറാണ്. കേരള ത്തിൽ കൊലപാതകരാഷ്ട്രീയം വേണ്ട. കൊലയ്ക്കു കൊല കേരളത്തിൽ കഴിഞ്ഞ കാലത്ത് നടന്നിട്ടുണ്ട്. അതിന്റെ ശരിയും തെറ്റും ഇരിക്കട്ടെ. ഇനി കേരളത്തിൽ രാഷ്ട്രീയം വളർത്തുന്നത് അക്രമത്തിൽക്കൂടി ആയിരിക്കില്ല. കൊലപാതകരാഷ്ട്രീയം കേരളത്തിൽ കുഴിച്ചുമൂടും. അതിനുവേണ്ടി നേതൃത്വം നൽകാൻ നിങ്ങൾ തയ്യാറുണ്ടോ? പക്ഷെ വേറൊരു കാര്യം കൂടി

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കണം. ഇന്ന് കണ്ണൂർ മാത്രമല്ല, തൃക്കരിപ്പൂർ മുതൽ നാദാപുരം വരെ മലബാറിന്റെ പലഭാഗത്തും നിരന്തരമായി കൊലപാതകം ഉണ്ടാകുന്നു. അക്രമമുണ്ടാകുന്നു. സ്വത്തുക്കൾ നശിക്കുന്നു. കോടിക്കണക്കിനു രൂപയുടെ സ്വത്താണ് നശിച്ചിട്ടുള്ളത്. നൂറുകണക്കിനു വീടുകൾ-വലിയ വീടുകളും കുടിലുകളും-എല്ലാം നശിപ്പിച്ചിരിക്കുന്നു. കടകൾ തല്ലിത്തകർത്തിരിക്കുന്നു. ലക്ഷോപലക്ഷം രൂപയുടെ കാർഷിക വിളവുകൾ നശിപ്പിച്ചിരിക്കുന്നു. കാറുകൾ, സൈക്കിളുകൾ- എന്തെല്ലാം നാശനഷ്ടങ്ങളാണ്! ഇതിൽ ഒരു പ്രത്യേകതയുണ്ട്! ഈ സംഭവങ്ങൾ പ്രധാനമായും പലപ്പോഴും മാർക്സിസ്റ്റ് ബി.ജെ.പി കക്ഷികൾ ആണെങ്കിലും ഈ എല്ലാ സംഭവങ്ങളിലും ഒരുപോലെ ഒരു കൂട്ടരെ കാണാം. ബി.ജെ.പി മാർക്സിസ്റ്റ് സംഘട്ടനം, കോൺഗ്രസ് മാർക്സിസ്റ്റ് സംഘട്ടനം, ലീഗ് മാർക്സിസ്റ്റ് സംഘട്ടനം എല്ലാ സംഘട്ടനങ്ങളിലും മലബാർ പ്രദേശത്തുള്ള രാഷ്ട്രീയ എതിരാളികളെ എല്ലായിടത്തും.... (ബഹളം)

മി. സ്പീക്കർ : പ്ലീസ്....പ്ലീസ്....

ശ്രീ. എ.കെ. ആന്റണി : ഞാൻ പറഞ്ഞത് അസ്നയുടെ കാര്യമാണ്. ഏതായാലും അസ്നയുടെ നേരെ ബോംബ് എറിഞ്ഞ സമയത്തു ഞാൻ ഡൽഹിയിലായിരുന്നു. ഞാൻ മടങ്ങിയെത്തിയ ശേഷം അവിടെയെത്തി. മുഖ്യ മന്ത്രി എത്തിയിട്ടില്ല.

(ബഹളം)

മി. സ്പീക്കർ : പ്ലീസ്....പ്ലീസ്....അദ്ദേഹം സംസാരിക്കട്ടെ. പ്രസംഗം തടസ്സപ്പെടുത്തരുത്.

ശ്രീ. എ.കെ. ആന്റണി : ഇന്ന് കണ്ണൂർ ജില്ലയിലും തൃക്കരിപ്പൂർ മുതൽ നാദാപുരം വരെയുള്ള പ്രദേശങ്ങളിലും ഏറ്റവും ഒടുവിൽ മണ്ണാർക്കാട് വരെ ഉണ്ടായിട്ടുള്ള ആക്രമങ്ങളിലും കൊലപാതകങ്ങളിലും എല്ലാം ഒരു ഭാഗത്ത് മാർക്സിസ്റ്റു പാർട്ടിയാണ്. ഈ അക്രമരാഷ്ട്രീയത്തിൽ ഒരു ഭാഗത്ത് മാർക്സിസ്റ്റു പാർട്ടിയുണ്ട്. ഇന്ന് എവിടെയെല്ലാം അക്രമങ്ങൾ ഉണ്ടാകുന്നുവോ, എവിടെയെല്ലാം കൊലപാതകങ്ങൾ ഉണ്ടാകുന്നുണ്ടോ, ആ കൊലപാതകങ്ങളിലും അക്രമങ്ങളിലുമെല്ലാം ഒരു ഭാഗത്ത് മാർക്സിസ്റ്റു പാർട്ടിയുണ്ട്. അതാണ് കണ്ണൂരിലും മലബാറിലും അക്രമം അമർച്ച ചെയ്യാൻ പോലീസിനു തടസ്സം. അക്രമം തടയേണ്ടതു പോലീസിന്റെ ചുമതലയാണ്. പല സന്ദർഭങ്ങളിലും പോലീസ് വളരെ ധീരമായ നിലപാട് എടുത്തിട്ടുണ്ട്. പക്ഷെ എപ്പോഴെല്ലാം മാർക്സിസ്റ്റു പാർട്ടിയിൽ നിന്നും ബോംബ് പിടിച്ചിട്ടുണ്ടോ അപ്പോഴെല്ലാം ആ ബോംബ് പിടിക്കുന്നതിന് നേതൃത്വം നൽകിയ ഡി.ഐ.ജി മാരേയും എസ്.പി മാരേയും ഡിവൈ.എസ്.പി മാരേയും 24 മണിക്കൂറിനകം സ്ഥലം മാറ്റിയിട്ടുണ്ട്. എവിടെയെല്ലാം മാർക്സിസ്റ്റു പാർട്ടിയിൽനിന്നും ആയുധ ശേഖരം എടുത്തിട്ടുണ്ടോ അവിടെയെല്ലാം ആ ആയുധ ശേഖരം കണ്ടെടുക്കുന്നതിന് നേതൃത്വം നൽകിയ ഐ.ജി മാരുൾപ്പെടെ ഡി.ഐ.ജി മാരുൾപ്പെടെ എസ്.പി മാരുൾപ്പെടെ പോലീസ് ഉദ്യോഗസ്ഥൻമാരെ മുഴുവനും 24 മണിക്കൂറിനകം സ്ഥലം മാറ്റിയിരിക്കും. കണ്ണൂർ ജില്ലയിൽ ആയുധശേഖരം വ്യാപകമായിട്ടുണ്ട്. ബോംബ് നിർമ്മാണവും പടക്കം നിർമ്മാണവും അവിടെ വ്യാപകമാണ്. പക്ഷെ ആയുധശേഖരം കണ്ടെടുക്കാൻ പോലീസിനു കഴിയുന്നില്ല. പോലീസിനു നിർഭയമായി മാർക്സിസ്റ്റുപാർട്ടി ഓഫീസിൽ, കോൺഗ്രസ്സ് ഓഫീസിൽ, ബി.ജെ.പി ഓഫീസിൽ, ഏതെങ്കിലും ഓഫീസിൽ ആയുധമുണ്ടെന്നു സംശയം തോന്നിയാൽ അവിടെ കയറി

LIBRARY ARCHIVES Kerala Legislative Assembly

ചെല്ലാൻ അധികാരമില്ല. മാർക്സിസ്റ്റു പാർട്ടിയുടെ ഓഫീസിൽ ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ കാക്കിയുടുത്ത് ചെന്നാൽ അങ്ങനെ ചെല്ലുന്ന ഉദ്യോഗസ്ഥർ പിന്നെ കണ്ണൂർ ജില്ലയിൽ ഉണ്ടാകില്ല. ഇതാണ് അവിടത്തെ തീരുമാനം. അവിടെ പോലീസിനു ഇരിക്കണമെങ്കിൽ പാർട്ടിയുടെ, ജില്ലാ കമ്മിറ്റിയുടെ, ഏരിയാ കമ്മിറ്റിയുടെ തീരുമാനമനുസരിച്ചേ പ്രവർത്തിക്കുവാൻ കഴിയു. ഇതുപോലെ ഒരു സംഭവം ഇന്ത്യയിൽ ഉണ്ടായിട്ടുണ്ടോ? കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? ബോംബാക്രമണം നടക്കുന്ന പ്രദേശങ്ങളിൽ, സംഘർഷം നടക്കുന്ന പ്രദേശങ്ങളിൽ, ആയുധധാരികളായ പോലീസുകാർ ജീവനും കൊണ്ട് ഓടിപ്പോകുന്നു. അക്രമം കാണിക്കുന്ന മാർക്സിസ്റ്റുകാർക്കെതിരെ നടപടി എടുത്താൽ തങ്ങൾക്കെതിരെ നടപടി ഉണ്ടാകുമെന്ന് പേടിച്ചു ഭീരുക്ക ളെപ്പോലെ പോലീസ് ഓടിപ്പോകുന്നു. കേരളത്തിലെ പോലീസ് അങ്ങനെ ഓടിപ്പോകുന്നവരാണെന്ന് എനിക്കഭിപ്രായമില്ല. വളരെ സമർത്ഥരായ ധാരാളം ഓഫീസർമാരും, കോൺസ്റ്റബിൾമാരുമുള്ള ഒരു പോലീസാണ് കേരളാ പോലീസ്; ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ പോലീസിനെക്കാൾ വളരെ കഴിവുള്ളവരാണ്. ആ പോലീസ് കണ്ണൂർ ജില്ലയിൽ ഭീരുക്കളെപ്പോലെ ഓടേ ണ്ടിവരുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. കണ്ണൂരിലെ സംഭവങ്ങൾ ഉണ്ടാ കുന്ന പ്രദേശങ്ങളിൽ നിന്നും കേരളത്തിലെ വളരെ കഴിവുള്ള, സമർത്ഥരായ പോലീസ് ഓഫീസർമാർക്കും കോൺസ്റ്റബിൾമാർക്കും ഭീരുക്കളെപ്പോലെ ഒളിച്ചോടേണ്ടിവരുന്ന സാഹചര്യം വരാൻ എന്താ കാര്യം? അവിടെ നിക്ഷപ ക്ഷമായും നീതി നടപ്പാക്കിയാൽ ഉടൻ തിരുവനന്തപുരത്തുനിന്നും ടെലി ഫോൺ വരും; ഉത്തരവ് വരും: സ്ഥലം മാറി അടുത്ത സ്ഥലത്ത് പോയി ചാർജെടുക്കാൻ പറയും. ചിലരെ സ്ഥലം മാറ്റിക്കഴിഞ്ഞാൽ ആഴ്ചകളും മാസ ങ്ങളും കഴിഞ്ഞാണ് പോസ്റ്റിംഗ് കൊടുക്കുന്നത്. അങ്ങനെ മാർക്സിസ്റ്റുപാർട്ടി യുടെ കൽപ്പന, പാർട്ടിയുടെ നിർദ്ദേശം, അനുസരിക്കാത്ത പോലീസു ദ്യോഗസ്ഥൻമാർക്ക് കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കാൻ സാധിക്കാത്തതു കൊണ്ടാണ്, അവിടെ പോലീസിനു സ്വാതന്ത്ര്യം ഇല്ലാത്തതുകൊണ്ടാണ്, പോലീസിനെ പാർട്ടി നിയന്ത്രിക്കുന്നതുകൊണ്ടാണ്, പോലീസ് ഭരണം അവിടെ മാർക്സിസ്റ്റ് പാർട്ടി ഏറ്റെടുത്തിരിക്കുന്നതുകൊണ്ടാണ്, കണ്ണൂരിൽ പോലീസിനു അക്രമങ്ങൾ അമർച്ച ചെയ്യാൻ സാദ്ധ്യമല്ലാത്തത്. നമുക്ക് അവി ടുത്തെ ഈ അക്രമണങ്ങൾക്ക് പരിഹാരം ഉണ്ടാക്കണം. പോലീസിന് സ്വാതന്ത്ര്യം കൊടുക്കണം. ഏതു കക്ഷിയിൽപ്പെട്ട ആളാകട്ടെ മാർക്സിസ്റ്റ് ആകട്ടെ, ബി.ജെ.പി ആകട്ടെ കോൺഗ്രസ്സ് ആകട്ടെ, ലീഗ് ആകട്ടെ ആരെ ങ്കിലും നിയമം കൈയിലെടുത്താൽ അവരെ അമർച്ച ചെയ്യുവാൻ, അവരെ കൈകാര്യം ചെയ്യുവാൻ പോലീസിനു അധികാരം ഉണ്ടാകണം. അവരെ നിയ മത്തിനു മുന്നിൽ കൊണ്ടുവരാൻ പോലീസിന് അധികാരം ഉണ്ടായിരിക്കണം. എന്നെന്നേക്കുമായി ഈ കൊലയ്ക്കു കൊല, ചോരയ്ക്ക് ചോര, ജീവന് ജീവൻ, പല്ലിനു പല്ല്, കണ്ണിനു കണ്ണ് എന്നുള്ള ഈ രാഷ്ട്രീയം അവസാനി പ്പിക്കാൻ നമ്മളെക്കൊണ്ടു സാധിക്കണം. അത് ഇന്ന് കേരളത്തിന്റെ പൊതുവായ ആവശ്യമാണ്. കേരളത്തിനു വെളിയിൽ ജീവിക്കുന്ന മലയാളിക ളുടെ പൊതുവായ ആവശ്യമാണ്. കേരളീയൻ എന്നു പറഞ്ഞാൽ, കണ്ണൂർക്കാരെന്നു പറഞ്ഞാൽ കുഴപ്പക്കാരാണെന്ന ചിത്രം രാജ്യം മുഴുവൻ പട രുന്നു. അതുകൊണ്ട് ഈ കൊലപാതകരാഷ്ട്രീയം അവസാനിപ്പിക്കണമെന്നു ള്ളത് കേരളത്തിലെ സമാധാനപ്രിയരായ മുഴുവൻ ജനങ്ങളുടെയും ആവശ്യ മാണ്. മറുനാട്ടിൽ ജോലിചെയ്യുന്ന കേരളത്തിലെ ചെറുപ്പക്കാരുടെ ആവശ്യമാ ണ്. കണ്ണൂർ ജില്ലയിലെ ഈ ചോരപ്പുഴ അവസാനിപ്പിക്കണം. അവിടെ സമാ

LIBRARY ARCHIVES Kerala Legislative Assembly

ധാനം പുലരണം. അവിടെ അക്രമരാഷ്ട്രീയം അവസാനിക്കണം. ഇത് ജനങ്ങളുടെ ആവശ്യമാണ്. അതുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയായ ഈ നിയമനിർമ്മാണ സഭ കേരളത്തെ മുഴുവൻ ഇന്ന് ബാധിച്ചിരിക്കുന്ന ഈ പ്രശ്നം ചർച്ചചെയ്യണം. അതിനുവേണ്ടിയാണ് ഞങ്ങൾ അടിയന്തിരപ്രമേയം കൊണ്ടുവന്നത്. ഈ അടിയന്തിരപ്രമേയം ചർച്ചചെയ്യാൻ സാദ്ധ്യമല്ല എന്നുള്ള ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചു കൊണ്ടു ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, ശ്രീ. എ.കെ. ആന്റണി ഇവിടെ പറഞ്ഞതു മുഴുവൻ മാർക്സിസ്റ്റു വിരോധവും പട്ടാളത്തെ കൊണ്ടുവരണം എന്നുള്ളതുമാണ്. ഇതല്ലേ ശ്രീ. എ.കെ. ആന്റണി പ്രസംഗിച്ചത്(ബഹളം). ഈ പ്രസംഗത്തിൽ ബി.ജെ.പിക്ക് എതിരായി ബി.ജെ.പി.യുടെ അക്രമരാഷ്ട്രീയത്തെപ്പറ്റി ഒരക്ഷരംപോലും പറയാതെ ശ്രീ. എ.കെ. ആന്റണി വാക്കൗട്ട് നടത്തുകയാണ്. മുഴുവൻ തന്നെ കമ്മ്യൂണിസ്റ്റ് വിരോധവും മാർക്സിസ്റ്റു വിരോധവുമാണ് ഇവിടെ വിളമ്പിയത്. പട്ടാളത്തെ കൊണ്ടുവരണമെന്നു പറഞ്ഞത് ശ്രീ. എ.കെ.ആന്റണിയല്ലേ? ഇവിടെ കമ്മ്യൂണിസ്റ്റുകാർ ഭരിക്കില്ല എന്നു പറഞ്ഞത്. ശ്രീ. എ.കെ. ആന്റണിയല്ലേ? മാർക്സിസ്റ്റു വിരോധമല്ലേ ഈ പ്രസംഗം മുഴുവൻ നടത്തിയത്? എന്നിട്ട് ഇപ്പോൾ പറയുന്നു വാക്കൗട്ടാണെന്ന് . ഇത് ചർച്ചചെയ്യേണ്ട ഒരാവശ്യവുമില്ല. കമ്മ്യൂണിസ്റ്റ് വിരോധത്തിനും മാർക്സിസ്റ്റ് വിരോധത്തിനും നമ്പർ വൺ ആയ ശ്രീ. എ.കെ. ആന്റണിക്ക് സമാധാനം സ്ഥാപിക്കുന്നതിന് പോലീസല്ല പട്ടാളമാണ് വേണ്ടതെന്ന് . ഒന്നിലധികം തവണ ശ്രീ. എ.കെ. ആന്റണി ഇവിടെ പ്രസംഗിച്ചു. ഇവിടെ പട്ടാളത്തിന്റെ ആവശ്യമില്ല അതാണ് (ബഹളം).

<u>ശ്രീ. എ.കെ. ആന്റണി</u> : കണ്ണൂർ കത്തിയെരിയുകയും മനുഷ്യന്റെ ചുടുചോര റോഡിൽ ഒഴുകുകയും ചെയ്തുകണ്ടപ്പോൾ ഞാൻ അന്വേഷിച്ചു. അതിനു പരിഹാരം കാണേണ്ട മുഖ്യമന്ത്രി വിദേശത്തുപോയപ്പോൾ ഞാൻ എന്താ ചെയ്യേണ്ടത്. എന്തെങ്കിലും ഒരു പരിഹാരം കാണണ്ടേ? അപ്പോൾ മുഖ്യമന്ത്രി ഇല്ല. മുഖ്യമന്ത്രി വിദേശത്ത് പോയി(ബഹളം).

പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഇറങ്ങിപ്പോക്കു നടത്തി.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : സർ, ഈ അടിയന്തിര പ്രമേയത്തിന് ആധാരമായ വിഷയം കണ്ണൂരിൽ ശാശ്വത സമാധാനം ഉണ്ടാകണമെന്നുള്ളതാണ്. ഇത് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും അഭിലാഷമാണ്. കണ്ണൂരിൽ സമാധാന ശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും കൊടുത്ത ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. ആ മേഖലയിൽ ഇപ്പോഴും രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ബി.ജെ.പി-മാർക്സിസ്റ്റ് സംഘട്ടനങ്ങളാണ് കൂടുതലും അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത് ഇന്ന് കേരളത്തിന്റെ സൽപ്പേരിനു തന്നെ കളങ്കം ചാർത്തുന്നവിധം നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു എന്നുമാത്രമല്ല, അടിക്കടി ജീവൻ നഷ്ടപ്പെടുന്ന ഭീകരമായ കൊലപാതക വാർത്തകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. നേതാക്കളുടെ ജീവനുതന്നെ, നേതാക്കളുടെ സുരക്ഷിതത്വത്തിനു തന്നെ ഭീഷണി ഉയർത്തുന്ന സ്ഥിതിയിലേക്ക് വന്നിരിക്കുന്നു. ഇതൊക്കെ സമാധാനപരമായ രാഷ്ട്രീയ പ്രവർത്തനത്തിന് നിരക്കുന്ന ഒന്നല്ല. പല ഭാഗത്തുമുള്ള പല രാഷ്ട്രീയ പാർട്ടികളുടെയും ഉന്നത നേതാക്കൻമാർക്കുതന്നെ വധഭീഷണിയാണ്. അവരൊക്കെ 'നാരോ'

LIBRARY ARCHIVES Kerala Legislative Assembly

എസ്കേപിംഗിൽ ആണ്. ഇടയ്ക്കിടെ അവർക്ക് കാറിന്റെ നേർക്ക് ഏറുകിട്ടും. അതുപോലെ അവർക്ക് നേരെ ബോംബേറ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതു കൊണ്ട് ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ ഗൗരവമുള്ള വിഷയത്തെ ആ നിലയിൽ കാണുകതന്നെ വേണം. ഗവൺമെന്റിനു ഇതിൽ കൂടുതൽ ഉത്തരവാദിത്വമുണ്ട്. ഇവിടെ പോലീസ് നിഷ്പക്ഷമായും കർക്കശമായും അക്രമികൾക്ക് ഭയമുള്ള തരത്തിൽ പ്രവർത്തിക്കുന്നതാണ് നല്ലത്. അങ്ങനെ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് ആക്ഷേപം. അതുകൊണ്ടാണ് ഈ അക്രമസംഭവങ്ങൾ അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നുള്ള പരാതി പരക്കെയുണ്ട്. ഇവിടെ അടിയന്തിര പ്രമേയം അവതരിപ്പിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി, പന്നിയൂർ നിരപരാധികളായ ആളുകളുടെ വീടുകൾ കൊള്ളയടിക്കപ്പെട്ടു. മുസ്ലീംലീഗ് പ്രവർത്തകൻമാർ ഒരിക്കലും തന്നെ അക്രമത്തിൽ പങ്കെടുത്തിരുന്നില്ല. പക്ഷേ തളിപ്പറമ്പിൽ ഉണ്ടായ സംഘട്ടനം ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ആരാണ് ഈ സംഘട്ടനത്തിൽ ഉൾപ്പെട്ടത് എന്നുള്ളതിലേക്ക്. അതു സംബന്ധിച്ചുള്ള കേസ്സുതന്നെ വേറെയാണ്. പക്ഷെ അതിന്റെ പേരിൽ ആക്രമിക്കപ്പെട്ടത് പന്നിയൂർ ഗ്രാമത്തിലുള്ള വീടുകളിൽ കിടന്നു ഉറങ്ങിയിരുന്ന നിരപരാധികളായ ആളുകളാണ്. അവിടെ നടന്ന ആ താണ്ഡവം, അവിടെ നടന്ന കൊള്ളയടി, അക്രമം അത് അവിടെ ചെന്നു നോക്കുന്ന ആരെയും ഞെട്ടിപ്പിക്കുന്നതാണ്. അതുകൊണ്ടാണ് സർവ്വകക്ഷിയോഗം തന്നെ കളക്ടറേറ്റിൽ ചേർന്നുകൊണ്ട്, പന്നിയൂരിൽ ഉണ്ടായ കനത്ത നഷ്ടത്തിന് നഷ്ടപരിഹാരം കൊടുക്കണം എന്നുള്ള ശുപാർശ, കളക്ടറുടെ അദ്ധ്യക്ഷതയിൽത്തന്നെ ചേർന്നുകൊണ്ട്, ഗവൺമെന്റിലേക്ക് നൽകിയത്. ഇത് ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കണ്ണൂരിൽ നടന്നുകൊണ്ടിരിക്കുന്ന ഈ സംഘട്ടനങ്ങൾ അവസാനിപ്പിക്കുക തന്നെ വേണം. ഇവിടെ ഗവൺമെന്റിന് ഇക്കാര്യത്തിൽ അങ്ങേയറ്റത്തെ ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വത്തിലേക്ക് ഉയർന്നുകൊണ്ട് പ്രവർത്തിക്കുവാൻ ഇതുവരെ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല എന്നുള്ളതാണ് പരക്കെയുള്ള പരാതി. ഈ വിഷയം വളരെ ഗൗരവപൂർവം ചർച്ചചെയ്യേണ്ട ഒന്നാണ്, ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ.എം. മാണി : സർ, കണ്ണൂരിൽ നടക്കുന്ന സംഭവ വികാസങ്ങൾ ഏതൊരു കേരളീയനെയും വാസ്തവത്തിൽ വേദനിപ്പിക്കുന്ന ഒരു കാര്യമാണ്.

കണ്ണൂരിൽ നിരപരാധികൾ കൊന്നൊടുക്കപ്പെടുന്നു. രക്തപ്പുഴ ഒഴുകുന്നു. അവിടെ നിയമസമാധാനം പാടേ തകർന്നിരിക്കുന്നു. അവിടെ നിയമസമാധാനം സ്ഥാപിക്കേണ്ടതിന്റെ ഉത്തരവാദിത്വം ആർക്കാണ്? ഗവൺമെന്റിനാണ്. ബഹു. മുഖ്യമന്ത്രി ചോദിച്ചു. പ്രതിപക്ഷം എന്തുചെയ്തു എന്ന്. ഞങ്ങളല്ല ചെയ്യേണ്ടത്, അവിടെ നിയമസമാധാനം നടപ്പിലാക്കേണ്ടത് ഗവൺമെന്റാണ്. വാസ്തവത്തിൽ ഇന്ന് വന്നിരിക്കുന്നത്, പാവപ്പെട്ട നിരപരാധികളുടെ വീടുകളിൽ കയറി ഭാര്യമാരുടെയും മക്കളുടേയും മുൻപിൽവച്ച് ഗൃഹനാഥനെ വെട്ടി കൊല ചെയ്യുന്നു. അങ്ങനെയുള്ള കൊലപാതകങ്ങളാണ് നടക്കുന്നത്. ഇതിനു ഒരറുതി ഉണ്ടാക്കണ്ടേ? ഇതിനൊരറുതി ഉണ്ടാക

LIBRARY ARCHIVES Kerala Legislative Assembly

ണം. പാർട്ടി ഓഫീസിൽ ബോംബുകൾ നിർമ്മിക്കുന്നു. നിർമ്മിക്കുന്നതിനിടയിൽ അപകടങ്ങൾ ഉണ്ടാകുന്നു. ആളുകൾക്ക് പരിക്കേൽക്കുന്നു, ആളുകൾ മരിക്കുന്നു. ഇതൊക്കെ നമുക്ക് അനുവദിച്ച് കൊടുക്കാവുന്ന കാര്യമല്ല. കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം നിയമസമാധാന തകർച്ച ഉണ്ടായിരിക്കുന്നു. കണ്ണൂരിനുണ്ടോ ഒരു പ്രത്യേക നിയമം? അവിടെ ഒരു പ്രത്യേക നീതി, പ്രത്യേകം ഒരു സ്ഥിതിവിശേഷം? കണ്ണൂർ ഈ കേരളത്തിന്റെ ഭാഗമല്ലേ? കണ്ണൂരിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കുന്ന സ്ഥിതിവിശേഷം അതിനാരാകട്ടെ കാരണക്കാർ, അത് മാർക്സിസ്റ്റുകാരാകട്ടെ, ബി.ജെ.പി യാകട്ടെ, ഏതൊരു കക്ഷിയുമാകട്ടെ ഞങ്ങളെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ് വിരോധത്തിന്റെ അടിസ്ഥാനത്തിൽ അല്ല. മുഖ്യമന്ത്രി പറഞ്ഞത് മാർക്സിസ്റ്റു വിരോധമാണെന്നാണ്. ഞങ്ങൾ പറയുന്നത് മാർക്സിസ്റ്റു വിരോധത്തിന്റെ അടിസ്ഥാനത്തിൽ അല്ല. ഞങ്ങൾക്ക് അങ്ങനെ ഒരു വിരോധവുമില്ല; ഞങ്ങൾക്ക് നിഷേധാത്മകമായ ഒരു നിലപാടുമില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം മനുഷ്യജീവൻ അത് ബി.ജെ.പി.യാകട്ടെ, മാർക്സിസ്റ്റാകട്ടെ, മുസ്ലീം ലീഗാകട്ടെ, കേരളാ കോൺഗ്രസ്സാകട്ടെ. കോൺഗ്രസ്സാകട്ടെ വിലപ്പെട്ടതാണ്. മനുഷ്യർ മരിച്ചുവീഴുന്നു. ചോര ഒഴുകുന്നു. ഇതിനൊരവസാനമുണ്ടാക്കണ്ടേ? അവസാനമുണ്ടാക്കണമെങ്കിൽ ആര് ഉണ്ടാക്കണം? സംസ്ഥാനത്തിന്റെ ഭരണത്തിന് ചുക്കാൻ പിടിക്കുന്ന രാഷ്ട്രീയ കക്ഷികൾ, സംസ്ഥാനത്തിന്റെ ഭരണം നടത്തുന്ന ഗവൺമെന്റുകൾ അവ മുൻകൈയെടുക്കണം. അവിടെ പോലീസിന് സ്വാതന്ത്ര്യമുണ്ടോ? നാലര വർഷത്തിനിടയിൽ അഞ്ച് എസ്.പി മാരെ മാറ്റി. ശരാശരി ഒരു എസ്.പി.യുടെ കാലാവധി ഒരു വർഷമാണ്. ഇപ്പോൾ പോലീസിന് അവിടെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ഈ അടുത്ത കാലത്തുവന്ന ഡി.ഐ.ജി മുഹമ്മദ് യാസീൻ ആറുമാസത്തിനകം മാറ്റപ്പെട്ടു. പോലീസിനു അവിടെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് വാസ്തവം. അപ്പോൾ അവിടെ പോലീസിന് പോലും സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം വന്നിരിക്കുന്നു. നിയമ സമാധാനത്തകർച്ച വന്നിരിക്കുന്നു. അതിന്റെ ഫലമായി അക്രമം വ്യാപകമാകുന്നു. അക്രമം, നിയമസമാധാനത്തകർച്ച തുടങ്ങിയവയിൽ നിന്ന് കണ്ണൂരിനെ രക്ഷിക്കേണ്ടത് വാസ്തവത്തിൽ കണ്ണൂരിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളാണ്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം, കേരളത്തിലെ ജനങ്ങൾ വളരെ ദുഃഖത്തോടുകൂടി ആ കാഴ്ച കാണുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഇത് പര്യവസാനിപ്പിക്കണം. അവിടെ നിയമസമാധാനം പുനഃസ്ഥാപിക്കണം. അക്കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടു. അത് ഗവൺമെന്റിന്റെ പരാജയമാണ്. വളരെ ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിൽ നിന്ന് കണ്ണൂരിനെയും കേരളത്തെയും രക്ഷിക്കണം. ഇതിനു ഒരു അവസാനം ഉണ്ടാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണം. അത് ചെയ്യാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭ വിട്ട് പുറത്തേക്കു പോയി)

പ്രൊഫ. എ.വി. താമരാക്ഷൻ : സർ കണ്ണൂരിൽ കുറെ വർഷങ്ങളായി നടക്കുന്ന കൊലപാതക രാഷ്ട്രീയം കണ്ണൂരിന്റെ മാത്രം പ്രശ്നമല്ല. ഈ സംസ്ഥാനത്തിന്റെ ആകെയുള്ള പ്രശ്നമാണ്. കണ്ണൂരിന്റെ മുഴുവൻ ജനങ്ങളും കേരളത്തിന് വെളിയിലുള്ള മുഴുവൻ മലയാളികളും ഈ കണ്ണൂരിൽ നടക്കുന്ന കൊലപാതക രാഷ്ട്രീയത്തിൽ അങ്ങേയറ്റം വേദനിക്കുകയാണ്. ആ കൊല

LIBRARY ARCHIVES Kerala Legislative Assembly

പാതക രാഷ്ട്രീയത്തിന് കാരണക്കാർ കേന്ദ്രത്തിൽ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ബി.ജെ.പിയും സംസ്ഥാനത്തിൽ നേതൃത്വം കൊടുക്കുന്ന സി. പി.എം.-ഉം ആണ്. കഴിഞ്ഞ ഡിസംബറിൽ ഏഴു പേരാണ് അവിടെ പിടഞ്ഞു മരിച്ചത്. ഈ ഡിസംബറിൽ ആറു പേർ പിടഞ്ഞുവീണു മരിച്ചു. എത്രപേരാണ് മാരകമായ പരിക്കേറ്റ് കണ്ണൂർ ജില്ലാശുപത്രിയിൽ കഴിയുന്നത്. അവിടെ കുഴിബോംബ് മുതൽ സ്റ്റീൽ ബോംബ് വരെ ബോംബിന്റെ പ്രളയമാണ്. വീടുകളിൽ ബോംബ് നിർമ്മിക്കുകയാണ്. അവിടെ പോലീസിന് നിക്ഷ്പക്ഷവും നീതിപൂർവവുമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ടോ? പോലീസുദ്യോഗസ്ഥന്മാർക്ക് അവിടെ രക്ഷയില്ല; പിന്നെയെങ്ങനെയാണ് ബാക്കി സാധാരണക്കാരുടെ സ്ഥിതി? പാനൂർ സി.ഐ. ആയിരുന്ന ദേവരാജൻ, എസ്.പി. ആയിരുന്ന വൈ. അനിൽകുമാർ, തലശ്ശേരി എ.എസ്.പി. ആയിരുന്ന അഗർവാൾ, തളിപ്പറമ്പ് സി.ഐ. ആയിരുന്ന പി.വി. വിജയൻ, പാനൂർ സി.ഐ ആയിരുന്ന ടി.പി. മോഹൻദാസ്, തലശ്ശേരി സി.ഐ. ആയിരുന്ന എ.കെ. രാമദാസ്, തലശ്ശേരി എ.എസ്.പി. രഞ്ജിത്, ഇവർ പല ഘട്ടങ്ങളിലായി ബോംബേറിന് വിധേയരായി എങ്കിൽ സാധാരണ പോലീസുകാർക്കും ജനങ്ങൾക്കും അവിടെ രക്ഷയുണ്ടോ സാർ? പോലീസിനു പോലും അവിടെ നിക്ഷ്പക്ഷമായി നീതിപൂർവ്വമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. പോലീസിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടു. കണ്ണൂർ ജില്ലയിൽ പോലീസിനെക്കുറിച്ചുള്ള മുഴുവൻ വിശ്വാസവും നഷ്ടപ്പെട്ടു. പോലീസിനെക്കുറിച്ച് ജനങ്ങൾക്കുള്ളവിശ്വാസം നഷ്ടപ്പെട്ടാൽ നിയമവാഴ്ച തകരില്ലേ? നിക്ഷ്പക്ഷമായും നീതിപൂർവ്വമായും പോലീസ് പ്രവർത്തിക്കണം. പ്രവർത്തിച്ചാൽ പോരാ, പ്രവർത്തിക്കുന്നു എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും കഴിയണം. അതാണ് ഒരു ഭരണകൂടത്തിന്റെ ഉത്തരവാദിത്വം. ഒരു സംസ്ഥാനത്ത് നീതിപൂർവ്വമായും നിക്ഷ്പക്ഷമായും പോലീസ് പ്രവർത്തിക്കുന്നു എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയണം. കഴിയുന്നില്ലെങ്കിൽ നിയമവാഴ്ച തകരുകയാണ്. ഇന്ന് കണ്ണൂരിൽ നിയമവാഴ്ച തകർന്നിരിക്കുന്നു. ആരാണ് അതിന് ഉത്തരവാദി? ഈ ഗവൺമെന്റ് അല്ലേ? നിയമവാഴ്ച സംരക്ഷിക്കാൻ ബാധ്യസ്ഥമായ ഒരു ഗവൺമെന്റ് ആ കാര്യത്തിൽ എന്താണ് ചെയ്യുന്നത്? വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. മാർക്സിസം എന്നുപറയുന്നത് ഉദാത്തമായ മനുഷ്യസ്നേഹത്തിന്റെ തത്വശാസ്ത്രമാണ്. ഉദാത്തമായ മനുഷ്യസ്നേഹത്തിന്റെ ത്വശാസ്ത്രം വിഭാവന ചെയ്യുന്ന ഒരു പ്രസ്ഥാനത്തിന് എങ്ങനെയാണ് ഈ ചാവേർപ്പടയ്ക്ക് പരിശീലനം കൊടുക്കാൻ കഴിയുക? എനിക്ക് വളരെ വിനയപുരസ്സരം ഈ സഭയോട് അഭ്യർത്ഥിക്കാനുള്ളത് ഈ കൊലപാതകരാഷ്ട്രീയത്തിന് അറുതിവരുത്താൻ മുൻകൈയ്യെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാവണം. രാഷ്ട്രീയ പ്രതിയോഗികളെ അമർച്ചചെയ്യുന്ന ഈ കാടത്തം കേരളത്തിൽ അവസാനിപ്പിക്കണം. സർ, ഒരു കാര്യം കൂടി പറഞ്ഞിട്ട് നിറുത്താം. എന്റെ ജില്ലയായ ആലപ്പുഴയിൽ പത്തുപതിനഞ്ചു വർഷങ്ങൾക്കു മുൻപ് കണ്ണൂരിൽ ബോംബ് എറിയുന്നതുപോലെതന്നെ ആസിഡ് ബൾബ് കൊണ്ടുള്ള ഒരു അക്രമം ഉണ്ടായിരുന്നു. നിരവധിയാളുകൾ ആസിഡ് എറിഞ്ഞ് അപകടത്തിൽപ്പെടുകയുണ്ടായി. അപ്പോൾ അവിടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരു തീരുമാനമെടുത്തു. ആലപ്പുഴ ജില്ലയിൽ ആസിഡ് ബൾബ് എറിയുന്നത് അവസാനിപ്പിക്കണം. അത് ധിക്കരിച്ചുകൊണ്ട് എറിഞ്ഞാൽ അവർക്കെതിരെ അതാതു പാർട്ടികൾ നടപടിയെടുക്കണമെന്നും അവർക്കുവേണ്ടി കോടതിയിൽ പോകാൻ ഒരു വക്കീലും തയ്യാറാകരുതെന്നും ഞങ്ങൾ ആലപ്പുഴ ബാർ അസോസിയേഷനുമായി ബന്ധപ്പെട്ട് തീരുമാനിച്ചു. അത് കഴിഞ്ഞപ്പോൾ ആലപ്പുഴ ജില്ലയിൽ ഒരു ആ,സിഡ് ബൾബ് ഏറും ഉണ്ടായില്ല. ഞങ്ങൾ ഈ സഭയിൽ അഭ്യർത്ഥിക്കുന്നു. ഈ കണ്ണൂരിൽ കുഴിബോംബ് മുതൽ സ്റ്റീൽ ബോംബ് വരെ ഉണ്ടാക്കി നിരപരാധികളായ പാവപ്പെട്ട ആളുകളേയും കുട്ടികളേയും സാധാരണക്കാരേയും കൊല്ലുന്ന ഈ കാടത്തത്തിന് നേതൃത്വം കൊടുക്കുന്നത് ആരായാലും

LIBRARY ARCHIVES Kerala Legislative Assembly

ശരി, അവർക്കുവേണ്ടി കോടതിയിൽ പോകാൻ ഒരു വക്കീലും ഉണ്ടാകില്ല എന്നും സംരക്ഷിക്കുകയില്ല എന്നും തീരുമാനിച്ചാൽ ഈ കേരളത്തിൽ കൊലപാതക രാഷ്ട്രീയം അവസാനിപ്പിക്കാൻ പറ്റും. അതിന് തയ്യാറാകാത്ത അത് ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്ത ഈ ഗവൺമെന്റ് നടപടിയിൽ, നിയമവാഴ്ച തകർക്കുന്ന നടപടിക്ക് കൂട്ടുനിൽക്കുന്ന ഈ ഗവൺമെന്റിന്റെ നടപടികളിൽ, പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(പ്രൊഫ. എ.വി. താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി)

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയും അതുപോലെ ശ്രീ. സുധാകരൻ അവതരിപ്പിച്ച പ്രമേയവും കേട്ടപ്പോൾ ഈ കണ്ണൂർ എന്നുപറയുന്ന ജില്ല കേരള സംസ്ഥാനത്തിലല്ല എന്നാണ് തോന്നിപ്പോകുന്നത്. മറ്റൊരു ജില്ലയിലും ഇല്ലാത്ത ഈ പ്രതിഭാസം എന്തുകൊണ്ട് കണ്ണൂർ ജില്ലയിൽ മാത്രം ഉയർന്നുവരുന്നു എന്നുള്ളതിന്റെ പൊരുൾ കണ്ടെത്താൻ ഇവിടെ ഒരു ചർച്ച നടത്തിയിരുന്നെങ്കിൽ സാധിക്കുമായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. സർ, ഇവിടെ ബഹു. മുഖ്യമന്ത്രി ചോദിച്ചു. നാൽപാടി വാസുവിന്റെ ആത്മാവിനെപ്പറ്റി, കണ്ണൂർ ജില്ലയിൽ എത്ര ആത്മാക്കളാണ് അലഞ്ഞുതിരിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നൽകിയ വിവരങ്ങൾ അനുസരിച്ച് ഈ ഗവൺമെന്റ് വന്നതിനുശേഷം 114 രാഷ്ട്രീയ കൊലപാതകങ്ങൾ കണ്ണൂർ ജില്ലയിൽ മാത്രം നടന്നിട്ടുണ്ട്. ജയരാജൻ, ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ; ജയരാജൻ പറയുന്നത് ഞാൻ കേട്ടു. ഇതു തന്നെയാണ് കുഴപ്പം. ജയരാജൻ എപ്പോഴും അസ്വസ്ഥനാകുന്നു. ജയരാജനെപ്പോലുള്ള ആളുകൾ കണ്ണൂർ ജില്ലയിലെ ജനപ്രതിനിധികളാണ്. ഈ മനുഷ്യന്റെ അസ്വസ്ഥതയാണ് പ്രശ്നം. ഞങ്ങളും രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ആളുകളാണ്. പ്രതിയോഗികളെ കൊന്നിട്ടല്ല ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത്. എന്തുകൊണ്ട് കണ്ണൂരിൽ മാത്രം ഇത് ഉണ്ടാകുന്നു? എത്രയാളുകൾ കൊല ചെയ്യപ്പെട്ടു. ഇപ്പോൾ മൂന്നും മൂന്നും ആറിൽ നിൽക്കുകയാണ്. നാളെ ഇത് ഉണ്ടാകയില്ല എന്ന് ധൈര്യം പറയാൻ ഉള്ള സാഹചര്യം മുഖ്യമന്ത്രിക്കുണ്ടോ? മുഖ്യമന്ത്രിയെക്കൊണ്ട് പറയാൻ സാധിക്കുകയില്ല. 'ഞാൻ വിദേശത്തേക്ക് പോയാലും കുഴപ്പമില്ല ഇവിടെ പ്രശ്നമൊന്നും ഉണ്ടാകില്ല' എന്ന് അദ്ദേഹം പറഞ്ഞു. അങ്ങയുടെ ആ നിലപാട് നിരുത്തരവാദപരമാണ് എന്നുള്ള അഭിപ്രായം ഞങ്ങൾക്കുണ്ട്. അങ്ങ് ഇവിടെ നിൽക്കേണ്ടതായിരുന്നു. ഇവിടെ നിന്ന് ഈ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതായിരുന്നു. ഉമ്മൻചാണ്ടി പാപ്പിനിശ്ശേരിയിൽ പോയതിനെപ്പറ്റി ബഹു. മുഖ്യമന്ത്രി പറഞ്ഞു. പാമ്പ് ചത്തിടത്തുപോയി, മനുഷ്യൻ ചത്തിടത്ത് പോയില്ല, എന്ന്. അങ്ങ് പോയോ? അങ്ങ് പോയിട്ടില്ല. സർ, അതുകൊണ്ട് ഈ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കണം. ഞാൻ അധികം നീട്ടിക്കൊണ്ടു പോകുന്നില്ല. ഇവിടെ ജയരാജൻ പറഞ്ഞല്ലോ, പയ്യന്നൂർ ചന്ദ്രന്റെ കാര്യം. ഞാൻ ബി.ജെ.പി.ക്കുവേണ്ടി പറയുന്നതല്ല. ബി.ജെ.പി.യുടെ സെക്രട്ടറി പയ്യന്നൂർ മണ്ഡലത്തിൽ നിന്നു മത്സരിച്ച സ്ഥാനാർത്ഥി അദ്ദേഹത്തിന്റെ ഭാര്യയുടേയും അച്ഛന്റേയും മുന്നിലിട്ടാണ് പോലീസ് പിക്കറ്റിംഗുള്ള സമയത്തുതന്നെ വെട്ടിക്കൊന്നത്. രാഷ്ട്രീയ കൊലപാതകം അവിടെനിന്ന് തുടങ്ങി. അവിടെ നിന്ന് അതിന്റെ പ്രതിഫലനം തുടങ്ങിയില്ലേ? അവർ സി.പി.എം.ന്റെ ആളുകളെ കൊന്നു. അങ്ങോട്ടും ഇങ്ങോട്ടും കൊലപാതകം നടത്തി. തുടക്കം അവിടെ നിന്നല്ലേ? തുടങ്ങിവച്ച താരാ? പയ്യന്നൂർ ചന്ദ്രനെ കൊന്നത് സി.പി.എം.ന്റെ ആളുകളാണ്. തുടക്കം അവിടെ നിന്നായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായ ആദ്യത്തെ രാഷ്ട്രീയ കൊലപാതകം. ഈ സഭയിൽ തന്നിരിക്കുന്ന കണക്ക്

LIBRARY ARCHIVES Kerala Legislative Assembly

വച്ചാണ് ഞാൻ പറഞ്ഞത്. കാശ്മീരിൽ തീവ്രവാദികളുണ്ട്, ആ തീവ്രവാദികളെ നേരിടാൻ പോലീസിന് ഗ്രനേഡ് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ പോലീസിന് ഗ്രനേഡ് കൊടുത്തിരിക്കുകയല്ലേ? ഇപ്പോൾ തേങ്ങയിടാൻ ആളില്ല. അവിടെ തേങ്ങ താഴോട്ട് വീണു. അത് വീണത് തെങ്ങിന്റെ ചുവട്ടിൽ കുഴിച്ചിട്ടിരുന്ന ബോംബിന്റെ പുറത്താണ്. അപ്പോൾ അവിടെ ബോംബാണ് പൊട്ടിയത്. അതല്ലേ അവിടത്തെ സ്ഥിതി? കണ്ണൂരിൽ കുട്ടികൾ കളിയ്ക്കുന്നത് എന്തു വച്ചാണ്? കുട്ടികൾക്ക് അറിയാമോ ഇത് ബോംബാണോ പന്താണോ എന്ന്? ഒരദ്ധ്യാപകന്റെ വീട്ടിൽ രണ്ടു കുട്ടികൾ ബോംബ് എടുത്തു കളിച്ച് ബോംബ് പൊട്ടി അവർക്കപകടം പറ്റി. നമ്മൾ പത്രത്തിൽ വായിച്ചതാണ്. ഇവിടയൊക്കെ കുട്ടികൾക്ക് കളിക്കാൻ കൊടുക്കുന്നത് ബോംബാണ്. ആ ഒരു സാഹചര്യത്തിലേക്ക് നിങ്ങൾ കൊണ്ടുചെന്ന് എത്തിച്ചില്ലേ? അതുപോലെ തന്നെ, സംസ്ഥാനം ഭരിക്കുന്ന പാർട്ടിയും കേന്ദ്രം ഭരിക്കുന്ന പാർട്ടിയും തമ്മിലാണ് കൊല്ലും കൊലയും മത്സരം! ഒന്ന് കൊന്നാൽ അടുത്ത് ഒന്ന്. രണ്ട് കൊന്നാൽ രണ്ട്. ഇങ്ങനെ 1:1 എന്ന നിലയിൽ അല്ലേ പോകുന്നത്. ഈ പ്രൊപ്പോർഷൻ അവസാനിപ്പിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? കണ്ണൂരിൽ ഇപ്പോൾ ഒരു ക്യാൻസർ ആശുപത്രി തുടങ്ങി. നല്ല കാര്യം. പക്ഷേ കണ്ണൂരിൽ ക്യാൻസർ ആശുപത്രി അല്ല ഇപ്പോൾ ആവശ്യം. എറണാകുളത്തുള്ളതുപോലെ സ്പെഷ്യലിസ്റ്റ് ആശുപത്രിയാണാവശ്യം. കാരണം നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറുടെ കൈമുറിഞ്ഞപ്പോൾ നിങ്ങളും അതുംകൊണ്ട് വന്നത് എറണാകുളത്താണ്. കണ്ണൂരിൽ നിന്നും എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രിയിലേക്ക് കൊണ്ടുവരുന്നത് പലരുടെയും മുറിഞ്ഞ കൈകളും വെട്ടിമാറ്റിയ കാലുകളും ഒക്കെയായിട്ടാണ്. അങ്ങനെയല്ലേ പാവപ്പെട്ട അസ്ന അഞ്ചു വയസ്സുള്ള കുഞ്ഞ് അവിടെ വന്നത്? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം ചെയ്യൂ. ഈ രാഷ്ട്രീയകൊലപാതകങ്ങൾക്ക് അറുതി വരുത്തുവാനുള്ള നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ അടിയന്തിരമായി ഒരു സ്പെഷ്യലിസ്റ്റ് ആശുപത്രി കണ്ണൂരിലും തുടങ്ങുക. ഇത്രയും സമയം എടുക്കുമ്പോൾ ചിലപ്പോൾ മനുഷ്യഭാഗങ്ങൾ കൂട്ടിയോജിപ്പിക്കാൻ കഴിയുകയില്ല. ഈ സ്ഥിതിയിലേക്ക് ഇന്ന് കേരളത്തെ കൊണ്ടുചെന്നെത്തിച്ചില്ലേ? ഇത്തരം ഗുരുതരമായ ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ട് അത് ചർച്ച ചെയ്യേണ്ട എന്ന് പറയുന്നത് ശരിയല്ല. ഞങ്ങൾ ആരേയും ന്യായീകരിക്കുന്നില്ല. ആര് കൊലപാതകം നടത്തിയാലും ശരിയല്ല. മാർക്സിസ്റ്റ് പാർട്ടി നടത്തിയാലും ബി.ജെ.പി. നടത്തിയാലും ശരിയല്ല. ഇതിനകത്ത് അളവുകോൽ കണ്ടുപിടിക്കുവാൻ ശ്രമിക്കുകയും വേണ്ട. എന്തായാലും ഒരു കാര്യം വാസ്തവമല്ലേ? ഇന്ന് കേരളം ഭരിക്കുന്ന മുഖ്യകക്ഷി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. കണ്ണൂർക്കാരനായ മുഖ്യമന്ത്രിയാണ് ഭരണത്തിന് നേതൃത്വം കൊടുക്കുന്നത്. അദ്ദേഹത്തിന്റെ ജില്ലയിലാണ് രാഷ്ട്രീയ കൊലപാതകങ്ങൾ അരങ്ങേറുന്നത്. അതുകൊണ്ട് അദ്ദേഹത്തിന് ഇതിന് ഉത്തരവാദിത്വം ഇല്ലെന്നുപറയാൻ സാധ്യമല്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധം രേഖപ്പെടുത്തികൊണ്ട് ഞങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

മി. സ്പീക്കർ : റൂൾ 62

LIBRARY ARCHIVES Kerala Legislative Assembly